അഹം ബ്രഹ്മേതി നിശ്ചിത്യ
അഹംഭാവം പരിത്യജ

# ശ്രീധരന്റെ ബോധസുധാകരം

പ്രസാധകർ:

**ശ്രീധരദേശം ട്രസ്റ്റ്**

ഗോവിന്ദമുട്ടം P.O., പുതുപ്പള്ളി,
കായംകുളം.

ഓം

# ശ്രീധരന്റെ ബോധസുധാകരം

പ്രസാധകർ:
ശ്രീധരദേശം ട്രസ്റ്റ്
ഗോവിന്ദമുട്ടം P.O., പുതുപ്പള്ളി,
കായംകുളം.

Malayalam
SREEDHARANTE-
BODHASUDHAKARAM

Author:
SADHU SREEDHARAN.

Published by:
SREEDHARA DESAM TRUST
Govindamuttam. P. O.,
Puthuppally, Kayamkulam

Printed at:
A.B. Press,
Chengannur.

Copies 500

Copyright Reserved
21-2-1995.

Phone: 3465 Kayamkulam

# ശ്രീധരദേശം ട്രസ്റ്റ് പ്രസിദ്ധീകരണങ്ങൾ

## ഗ്രന്ഥകർത്താവിൻെറ ഇതര കൃതികൾ

ശ്രീധരബോധ മനനം
ശ്രീധര പരിദേവനം
മഹാവാക്യപ്പൊരുൾ
വേദാന്തസരണി
ബാല ശ്രീധരം
ശ്രീധര ശ്രീധരം
അദ്വൈത ശ്രീധരം
വേദാന്ത ബോധസുധ
വേദ വേദാന്ത സമന്വയം
ആത്മസുധ
വേദാന്ത വിഹായസ്
ശ്രീധര വചനാമൃതം—ഭാഗം 1
ശ്രീധര വചനാമൃതം—ഭാഗം 2
ഉപനിഷത് ശ്രീധര പ്രകാരം
ശ്രീധര ബോധ കിരണം
ശ്രീധരൻെറ ബോധാവലോകനം
ശ്രീധരൻെറ വേദാന്ത ദർശനം
പ്രബോധ ശ്രീധരം
ശ്രീധരൻെറ ദർശനത്തിലെ സമാധി വിശദീകരണങ്ങൾ

## മററു പ്രസിദ്ധീകരണങ്ങൾ

വിചാര സാഗരം
ഉത്തര ഗീത
അവധൂത ഗീത
ശ്രീ ഗോപാലഗീത
വേദാന്ത സാരം
രാമഗോപാലം
ശ്രീധരം



# ശ്രീധരൻെറ ബോധസുധാകരം

## ഓം
## ശ്രീ ഗുരവേ നമഃ

വേദാന്തി, നല്ലതിൻവണ്ണം ചിന്തയെ ചെയ്യണം, നല്ലചിന്തകനായിരിക്കണം. വേദാന്തശാസ്ത്രമത്യുജ്ജ്വല മാണ്. അതുപോലെ തന്നെയാണ് ലൗകികശാസ്ത്രവും.

ആകാശതന്മാത്രകളാണ് ശബ്ദം. അതായത് ആകാശം ആദിഭൂതമതാണെങ്കിൽ ശബ്ദം ഭൂതകാരണ മായി വൈകാര്യേണ നിലകൊള്ളുന്നു.

ശബ്ദഗുണകമാണാകാശം അതായത് ശബ്ദമാകുന്ന ഗുണത്തോടുകൂടിയത്. ആകയാൽ ശബ്ദം ആകാശത്തേ ക്കാൾ സൂക്ഷ്മമാണെന്നു കാണണം. ആകാശം നിലച്ചാലും ശബ്ദതന്മാത്രകൾ നിലനില്ക്കും. ആകാശകാരണത്തെ ചെയ്തുനിലനില്ക്കും. ഈ ശബ്ദം നിസ്സാരനല്ല, അത് ഞാൻ ശ്രുതികാട്ടി വിവരിക്കാൻ ശ്രമിക്കാം.

'ഓമിത്യേദക്ഷരമിദം സർവം
തസ്യോപവ്യാഖ്യാനം ഭൂതം
ഭവത് ഭവിഷ്യദിതിസർവമോങ്കാര
ഏവ യച്ചാന്യത് ത്രികാലാതീതം
തദപ്യോങ്കാരമേവ സർവംഹ്യേതത്
ബ്രഹ്മ അയമാത്മാബ്രഹ്മ സോയ–
മാത്മാ ചതുഷ്പാത്.'

ഇതു് ഞാൻ എന്റേതായ മാർഗ്ഗത്തിൽ ആവുംവിധം വ്യക്തമാക്കാൻ നോക്കാം.

ഈ നാശരഹിതമായ ഓങ്കാരശബ്ദം, ഈ ധ്വനി സർവത്തേയും ഉൾക്കൊണ്ടുനിലകൊള്ളുന്നതാണ്. വികസിത വായോട്ടുകൂടിയവനായാലും, അല്പവികസിതനോ അടച്ചവയോ ആയാലും ശബ്ദങ്ങൾക്ക വേറേയും വശമുണ്ടു്.

ശബ്ദപ്രസരണമുണ്ടാകുമ്പോൾ ആകാശം കമ്പിതമാകുകയും, തരംഗങ്ങൾ ആവിർഭവിക്കുകയും ചെയ്യും. ഇതു് സംഭവിക്കുമ്പോൾ ഉണ്ടാകുന്ന തരംഗങ്ങൾക്ക് ശാസ്ത്രം ചില പ്രത്യേകതകൾ കണ്ടെത്തിയിട്ടുണ്ടു്. ഏതു് ശബ്ദമുണ്ടായാലും അതു് രേഖപ്പെടുത്തുമാറു് ആകാശതരംഗങ്ങളിൽ വ്യത്യാസങ്ങൾ അഥവാ രേഖകൾ കണ്ടെത്തിയിട്ടുണ്ടു്. അതു് പകർത്തിഎടുക്കുവാൻ സാദ്ധ്യമായതിന്റെ ഫലമായി ഇതിനു് വളരെനാൾ മുമ്പുമുതൽക്കേ ഗ്രാമഫോൺ നിലവിൽവന്നു. ശബ്ദവിഘടിതവിശദീകരണരേഖകൾ മനുഷ്യമസ്തിഷ്കത്തെ മഥനം ചെയ്യാൻ തുടങ്ങി. അതിന്റെ വിപുലീകരണമെന്നവണ്ണം ശബ്ദത്തെ ടേപ്പുചെയ്തു കാസെററിൽ സൂക്ഷിക്കാനും സാധിച്ചു. ഇവയെല്ലാം സാധിച്ചതു്

ഇന്നു ശാസ്ത്രലോകത്തിനു് വ്യക്തമായറിയാമല്ലോ. ഇതു് ശബ്ദത്തിൻെറ ബഹിർസ്ഫുരണമേ ആകുന്നുള്ളു. ഇതു രേഖയായും കഴിഞ്ഞു.

എന്നാൽ ഇവസ്സു് ആന്തരികമായ ചില അടയാളപ്പെടുത്തലുമുണ്ടു് ഇവ അവ്യക്തമോ അപൂർണ്ണമോ ആയി ചില ശാസ്ത്രങ്ങളിൽ കാണുന്നുണ്ടു്.

ബിന്ദുവിൽനിന്നും സ്വരം. ഇതു് സർവത്തേയും കാണുന്നവനാകയാൽ പശ്യന്തീ എന്നറിയപ്പെടുന്നു. മുഴങ്ങി തെളിയുകയാൽ മദ്ധ്യമാ എന്നു പറയപ്പെടുന്നു. പ്രാണലയസ്വഭാവിയായതിനെ വൈഖരീ എന്നും ശാഖോപശാഖകളായി പുലന്നുകാണുമ്പോഴും സ്വരമെന്നുംഅറിയപ്പെടുന്നു. സ്വരേനില്ലുകയാൽ സരസ്വതി എന്നും അറിയപ്പെട്ടതായി മുൻശാസ്ത്രവിധികളുമുണ്ടു്.

ഇതോടൊപ്പം ശ്രീരാമഗീതയിലെ പ്രണവമാത്രാ വിഭജനത്തിലേയ്ക്കല്പം കടക്കാം.

'അകാരംപ്രഥമപ്രോക്ത
ഉകാരസ്തദനന്തരം
മകാരശ്ചാദ്ധമാത്രാ ച
നാദബിന്ദുതതപരം
കലാതത കലാതീതാ
ശാന്തിശാന്തോപരതതഃ
ഉന്മന്യേകാദശീപ്രോക്ത
ദ്വാദശീതുമനോന്മനീ
പുരീചമദ്ധ്യമാപശ്ചാൽ
പശ്യന്തീചപരാതതഃ
ഏവംഷോഡശരൂപോയം
പ്രണവസ്യമാത്രകാ.'

ഇതിനെ വിവരിക്കൽ വളരെ പ്രയാസമെങ്കിലും ചെയ്യല്ലേതീരു. ആകയാൽ അതിലേക്കു കടക്കാം.

അകാരം സ്വരമാണ്. സ്വരത്തിൻെറ പ്രത്യേകത എന്തെന്നാൽ ഇതിനെ മേല്പോട്ടുന്നിവിടുകമാത്രമല്ല ഇതു് നഭസ്സുനിറഞ്ഞു വീണ്ടും ഊർദ്ധ്വത്തിൽ തന്നെ പ്രയാണം ചെയ്യണം, അഥവാ ചെയ്യും. ഇതു് സ്വരങ്ങളുടെ എല്ലാം പ്രത്യേകതയാണ്. ഇതു് പാലിക്കപ്പെടാവുന്നതും പാലിക്കപ്പെടേണ്ടവയുമാണ്.

ബിന്ദുവെന്നുപറയപ്പെടുന്നതു് ജഗദ്മധ്യമായ—ദി യൂണിവേഴ്സൽ സെൻറർ—ആത്മതത്ത്വം അഥവാ ബ്രഹ്മതത്ത്വം തന്നെ ആയ അഹമാണ്. ആ തന്നിൽ നിന്നും ഉയൎന്നുപൊങ്ങും ശബ്ദവീചികളുടെ കഥകളാണ് വിവരണവിഷയം.

സ്വരങ്ങൾ സർവദർശകങ്ങളാകയാൽ അതിനെ പശ്യന്തീ എന്നുപേരുപറഞ്ഞു വിളിച്ചുവരുന്നു. ശബ്ദസാഗരതരംഗങ്ങളിൽ വ്യഞ്ജനശബ്ദത്തെ കൈകാര്യം ചെയ്യുമിടങ്ങളിൽ അതു് ഉള്ളിൽനിറഞ്ഞു് വിജൃംഭണം ചെയ്തു് മുഴങ്ങുംസമയത്തിങ്കൽ അതിനെ മദ്ധ്യമാ എന്നു പറഞ്ഞുവരുന്നു. പ്രാണലയം കാട്ടും കാലങ്ങളിൽ വൈഖരീ എന്നും, നാനാതര വികസിതസ്വഭാവേ നില കൊള്ളും കാര്യത്തിങ്കൽ ഇതിനെ സ്വരമെന്നും, സ്വരത്തിൽ നിലകൊള്ളുന്നവളാകയാൽ സരസ്വതീ എന്നും പറയപ്പെടുന്നു.

ബാക്കി പരിശോധിക്കാം. അടുത്തതു് കലയെന്നാണ് പറയപ്പെടുന്നതു്. ഇതിൻെറ പ്രവൎത്തനഘട്ടത്തിൽ കലാവാസന ആവിർഭവിക്കുമെന്നുപറഞ്ഞാൽ

പോരാ. ആ ആളിന്റെ പ്രവർത്തിമണ്ഡലം കലാപരമായിരിക്കും. ഇതു കഴിഞ്ഞാൽ കലാതീത എന്ന അവസ്ഥാന്തരത്തിലേക്കു കടക്കലായി. ഇതിന്റെ കാലത്തു് ആ ശബ്ദതരംഗങ്ങൾ ആ ആളിനെ സംഗീതസാഹിത്യാദികലകളേയും കടത്തിവിട്ടിട്ടു് കലകൾക്കു നൽകാവുന്ന ആസ്വാദ്യതയേയും കടന്നു് അതിനെല്ലാമതീതമായ ഒരു നിലയിലേയ്ക്കു നമ്മേ എത്തിക്കുമെന്നു കാണാം. ഇതിന്റെ ഉപരിസ്ഥാനത്തു് ശാന്തിനിസ്തുല്യമനോഹാരിതയോടെ വിലസിനിലകൊള്ളുന്നതു കാണാം.

ബാക്കി വളരെ സൂക്ഷ്മങ്ങളാണു്. ഇതിനെ പ്രാപിച്ച ജീവൻ കലാബോധസ്രോതസ്സായി താനറിഞ്ഞും അറിയാതേയും കലാപ്രവാഹവിധേയനായി നിലകൊള്ളുന്നതറിയാൻ കഴിയും. ഈ കലാബോധസ്രോതസ്സും കടന്നു ചെല്ലുമ്പോൾ കല നിർജ്ജീവമായി ആ ആത്മവാനെ വിടപറയുന്നതറിയാൻ കഴിയും. പിന്നത്തെ നിലയിൽ ശാന്തിയങ്ങുപടർന്നുപൊങ്ങിടുമേ. അതും കടന്നു് ശാന്തി എന്നുപോലും പറഞ്ഞാൽ പോരാത്ത ഉപരിനിലകണ്ടെത്തും. ഈ മാററങ്ങൾക്കെല്ലാം ഉപോൽബലകമായിനില്ക്കുന്ന ശബ്ദതരംഗരേഖകൾ നമ്മെ നയിക്കുന്നുണ്ടെന്നോർക്കണം. അതാണു് 'ഓമിത്യേതദക്ഷരമിദംസർവം.'

ഇങ്ങനെ അകംകൊണ്ടു് കുഞ്ഞുങ്ങളെപ്പോലെ കഴിഞ്ഞുകൂടിയ ശബ്ദമാത്രാരേഖകൾ ഉന്മനിയിൽ എത്തുമ്പോഴേയ്ക്കും അകത്തുകൊള്ളാതെ പുറത്തു് ഭാവം കാട്ടി പ്രവേശിക്കലായി. ഉന്മനീഭാവത്തിന്റെ പ്രത്യേകത ആ തരംഗങ്ങൾ പ്രാണനെ സ്തബ്ധമാക്കി സർവപ്രവർത്തകനും, നായകനുമായ പ്രാണനെ ചൊൽപടിനിർത്തി

ആത്മവാൻ മുന്നേറും ചിത്രം കാണാം. ഉന്മനീഭാവത്തിന്റെ പ്രത്യേകത, കണ്ണുതുറന്നുതന്നെ ഇരിക്കയും അതടക്കണമെന്നു തോന്നാതിരിക്കുകയും തോന്നിയാൽ തന്നെ അടയാതിരിക്കുകയും ചെയ്യും. ശ്രീരാമകൃഷ്ണദേവന്റെ അനുഭവവിവരണം അതിമനോഹരമായ ഒരു ദിവ്യസാക്ഷാത്ക്കാര വിവരണമാണു് നമുക്കു നല്കിയിരിക്കുന്നതു്.

പുരാണങ്ങളിൽ കചചരിതത്തിൽ ഇതിന്റെ ഒരു മനോഹരചിത്രീകരണമുണ്ടു്, ഒരു രാജകുമാരി കളിച്ചുനടക്കും പ്രായത്തിൽ പുററുകൊണ്ടോ മറേറാ മറഞ്ഞിരുന്ന ഒരു ദേഹത്തിൽ ഉന്മനീഭാവമാണ്ട നയനങ്ങൾ തേജോഗോളങ്ങൾ പോലെ പ്രശോഭിക്കുന്നതുകണ്ടു് ഇതു് എന്തു് എന്തൊരു ജീവി എന്നുപറഞ്ഞു് ഒരു കമ്പുകൊണ്ടു് കുത്തിനോക്കുകയും ധാരധാരയായി രക്തം ചാടുന്നതുകണ്ടു് ഓടിച്ചെന്നു് രാജാവിനെ വിവരമറിയിക്കയും അദ്ദേഹം വന്നു് പുററുപൊളിച്ചു നോക്കിയപ്പോൾ അതു് ഒരതിദിവ്യമഹാത്മാവിന്റെ നയനമെന്നുകണ്ടു് എല്ലാ ശുശ്രൂഷയും കഴിച്ചിട്ടു് രാജാവിതിനു് എന്തു പ്രായശ്ചിത്തം ചെയ്യണമെന്നപേക്ഷിച്ചതിനു് ആ കുട്ടി തന്നെ ശുശ്രൂഷിക്കട്ടെ എന്നു പറയുകയും ചെയ്ത കഥയുണ്ടു്.

മനോന്മനിയുടെ കാര്യത്തിലും ഇതിനോടു് ചില സാമ്യങ്ങളുണ്ടു്. ഇവിടെ നയനമടഞ്ഞേ ഇരിക്കു എന്നതാണു് പ്രത്യേകത.

അടുത്തതു് പുരീ—മദ്ധ്യമാ—പശ്യന്തി—പരാ ഇവകളാണു്. രാജശേഖരമായി നിറവുററു് പ്രതിധ്വനിച്ചു് അറിഞ്ഞുനിലകൊള്ളുന്നതു് പരാ, ശ്രേഷ്ഠമായ ബ്രഹ്മം തന്നെആയിനിലകൊള്ളുന്നതുമാണു് ബാക്കിധ്വനികൾ

ഇത്രയുംകൊണ്ടു് ഏതാണ്ടു് ഒരു സൂചനതന്നതായി കരുതട്ടെ. സ്വരാലാപനത്തിലും സംഗീതത്തിലും മുൻ കാലങ്ങളിൽ ആരോഹണാവരോഹണം സുവ്യക്തം നിലനിറുത്തിയിരുന്നു എന്നതു് വ്യക്തമാണു്. മറ്റേതു സംഗീതത്തേക്കാളും വ്യക്തമായി ഭാഗവതാദിമലയാള പുരാണപാരായണങ്ങൾ ഇതു സുവ്യക്തം പാലിച്ചിരുന്നു. ആട്ടക്കഥകളിലെ സംഗീതാലാപനത്തിലും ഇതു് സുവ്യക്തം കാണാം.

ഇതു വെറുതാവിലല്ലാ അദ്ധ്യാത്മിക ശാസ്ത്രത്തിലെ ശബ്ദവിജൃംഭിതകരണങ്ങളിൽ കാണുക കൊണ്ടാണു്.

ബ്രഹ്മംതന്നെ ആയ ബിന്ദുവിൽ തുടങ്ങി സ്വരമായി പശ്യന്തിയായി വിജൃംഭിതമായി മുഴങ്ങിതെളിഞ്ഞു മദ്ധ്യമമായി പ്രാണനെ ലയിപ്പിച്ചു വൈഖരിയായും, വിപുല വിതരണസ്വഭാവാൽ സ്വരമായി സരസ്വതിയായിത്തീന്നു്, വിലസിതകുസുമമായി തീൎന്ന ശബ്ദത്തിന്റെ തരംഗങ്ങളെ മോഹനമായി നിയന്ത്രിച്ചു്പുരിയാക്കി മദ്ധ്യമയാക്കി പശ്യന്തിയാക്കി പരയായ ബ്രഹ്മത്തിൽ ചേത്തുനിറുത്തികൊടുക്കുന്നു. ഇങ്ങനെഎല്ലാം ശാസ്ത്രങ്ങൾചിലതെല്ലാംകരുതുന്നുണ്ടു്.

ആത്മാവിനിടം കൊടുത്തു് ആത്മാവായി വളന്നു് നിലകൊണ്ട ഓങ്കാരശബ്ദത്തിന്റെ ജഢ സമാന ശബ്ദവീചികൾ അഥവാ തരംഗങ്ങൾ ആത്മാവോളമെത്തി നിശബ്ദപരയായി ബ്രഹ്മമായി കാട്ടിയ കഥയാണു് മുമ്പുവിവരിച്ചതു്.

ആയപോലെ വായു പ്രാണനായി ജീവവാഹിയായി ഗരുഢസമാനനായി വിഷ്ണുതന്നെയാകുമോ

എന്നുമറിയേണ്ടതുണ്ടു്. അതും ശ്രീധാരനുഭവം വെളിച്ചം കാട്ടുമോ എന്നും കണ്ടറിയാം. ആകാശതരംഗങ്ങൾ ശബ്ദതരംഗങ്ങൾ തന്നെ ആകാത്തതുപോലെ വായു തരംഗങ്ങളും പ്രാണതരംഗങ്ങളാകുന്നില്ല.

ഇതു് വൃഥാ വാചകമെന്നു കരുതാതിരിക്കാൻ വേണ്ടി ഇതിൻെറ യുക്തിയെ സ്വന്തം നിലയിൽ പറയാൻ ശ്രമിക്കാം, സുസമ്മതമെങ്കിൽ സ്വീകരിക്കാം അല്ലാത്ത പക്ഷം നിശ്ശങ്കമുപേക്ഷിക്കാം.

ആകാശതരംഗങ്ങൾ വളരെ വ്യാപ്തിയോടുകൂടിയതും അതിൻെറ വിസ്താരവേഗതകൾ കണക്കിലാക്കപ്പെട്ടതുമാണെല്ലോ. എന്നാൽ ശബ്ദതരംഗങ്ങൾ അതുപോലെ സ്വയം വ്യാപ്തമാകുന്നില്ല അതിനെ ആകാശതരംഗങ്ങളാണു് ലോകമെമ്പാടും കൊണ്ടുനടക്കുന്നതു്. ഉദാഹരിക്കാം:_രാ_എന്ന ശബ്ദം വ്യാപരിക്കുമ്പോൾ_ രാ-യുടെ ചിഹ്നങ്ങൾ അതായതു രാ_ യുടെ ശബ്ദചിഹ്നങ്ങൾ ആകാശതരംഗങ്ങളിൽ പെട്ടു് ലോകവ്യാപകമാകുന്നു. അതുപോലെ _ മാ _ ആയാലും അങ്ങനെ തന്നെ അതുകൊണ്ടു് ശബ്ദഗ്രഹണകമാകാശമായി.

ഇത്രയും കൊണ്ടുതന്നെ ആകാശതരംഗം ഒന്നുവേറെ ശബ്ദതരംഗമൊന്നു വേറെയെന്നുവന്നുവല്ലോ.

—രാ—യും—മാ _യും രണ്ടുശബ്ദതരംഗത്തെ ചെയ്യും. ആകാശതരംഗം ഒററക്കു് —രാ—യേയും —മാ—യേയും ചെയ്യുകയില്ല. അതിനു് ശബ്ദതരംഗ നിർമ്മാണം വേണം. ആകകൊണ്ടും ശബ്ദതരംഗവും ആകാശതരംഗവും രണ്ടും രണ്ടാണു്.

ഇത്രയുംകൊണ്ടതവിടെ നില്ക്കട്ടെ വളരെ പ്രയാസമേറിയ വായുതരംഗങ്ങളിലേക്കും പ്രാണതരംഗങ്ങളിലേക്കും അല്പം കടക്കാം.

വായുതരംഗവും പ്രാണതരംഗവും രണ്ടും രണ്ടെന്നു കാട്ടാൻ സാദ്ധ്യതയുണ്ടോ എന്നു പരിശോധിക്കാം. വായുക്കൾ അഞ്ചായും പത്തായും പറയുന്നിടത്തെല്ലാം പ്രാണ – വായുക്കളൊന്നെന്നാണ് ശാസ്ത്രനിർദ്ദേശം. ഇവിടെ നമുക്കു പത്തു വായുക്കളേയും പഠിക്കണം.

പുറമേ അറിയും വായു തനികലപ്പാണ്. അതിലൊന്നിനേയും തിരിച്ചറിയാൻ ശാസ്ത്രവിശകലനം തന്നെ വേണ്ടിയിരിക്കുന്നു.

എന്നാൽ പുറമേയുള്ള ഒരു വിശകലനാപടുത്വവുമില്ലാതെ നമ്മുടെ ഉള്ളിൽ നടക്കുന്ന ഒരു വിശകലനപ്രക്രിയയുണ്ട്. അതിനെ വെവ്വേറെ അതാതിൻെറ പ്രവർത്തനങ്ങൾ നടത്താൻ പര്യാപ്തമാക്കുംവിധമാണ് അതു് സംഘടിപ്പിച്ചിരിക്കുന്നതു്. ഇതെല്ലാം പറയുമ്പോൾ ഞാൻ വേദാന്തംവിട്ടു് വിഷയം കടന്നു് മറുകണ്ടം ചാടുന്നുവെന്നു കരുതരുതു്. ശരീരാന്തർഗതനായ ജീവൻ ബ്രഹ്മമാണ്. അതെങ്ങനെ അങ്ങനെയായി ഇതറിയേണ്ടതാവശ്യമാണ്. അല്ലെങ്കിൽ വിശകലനമേ ആവശ്യമില്ലല്ലോ. ബ്രഹ്മം മാത്രം ബ്രഹ്മം മാത്രം. പിന്നെങ്ങനെ 'അഹംബ്രഹ്മാസ്മി' എന്നുവന്നു. 'അയം ആത്മാബ്രഹ്മം' എന്നായി 'തത്ത്വം അസി എങ്ങനെ പ്രജ്ഞാനം ബ്രഹ്മ ആക്കു് ഇതെല്ലാമോർത്തുവേണം നാം ഒരു തീരുമാനമെടുക്കുവാൻ. ആകകൊണ്ടു് ഇവ പഠനവിഷയംതന്നെ ആണ്.

ശ്വസനനാളത്തിൽ കൂടി അഥവാ നാസികയിൽ കൂടി ചെല്ലുന്ന വായുമിശ്രിതത്തെ വേർതിരിച്ചുള്ള പ്രവർത്തനത്തിനു് സജ്ജമാക്കുന്നതാരാണ്. എങ്ങനെ

അതെല്ലാം സാധ്യമാക്കി എടുക്കുന്നു. യോഗികൾ ശരീരത്തേയും ശ്രദ്ധിച്ചിരുന്നു. ജ്ഞാനി അതു് വ്യക്തം ചെയ്യുന്നില്ലെങ്കിലും അറിഞ്ഞു പ്രവർത്തിക്കുന്നുണ്ടു്.

ജ്ഞാനികൾ എന്നു പറഞ്ഞുവരുന്നവർ വ്യക്തികളാണു്. അവർ ബ്രഹ്മമെന്നവരറിയുന്നതായിട്ടാണു പറയപ്പെടുന്നതു്. അവർ ബ്രഹ്മമാണു്. ആരും സമ്മതിക്കുമല്ലോ. ബ്രഹ്മമാണെന്നു പറയുന്നതു് ബ്രഹ്മമല്ല. വ്യക്തിഗതബ്രഹ്മമാകാം. അതിനേ പറയേണ്ടിവരും. ബ്രഹ്മത്തിനു് വ്യക്തി-വ്യക്തിഗതബ്രഹ്മമെന്നൊന്നുണ്ടായതെങ്ങിനെ ഇതെല്ലാം ശാസ്ത്രം പറകതന്നെവേണം.

ഇവിടം തൽക്കാലമൊന്നു നിറുത്തട്ടെ. പ്രാണൻ ചെയ്യും വിധങ്ങളും പ്രവൃത്തിയും കൂടി അല്പമൊന്നു പഠിക്കാം. ഒരിടത്തു് പ്രാണവായു നഷ്ടംവന്ന ഇടത്തു് കാർബൺഡയോക്സൈഡ് വായുവിൻെറ പ്രവർത്തനത്തെ മാററി പ്രാണവായു നിലനിത്തുന്നു. മറെറാരിടത്തു് പാചകം 'അസിഡിക്ക് ഫെർമൻേറഷൻ' മുഖേന നടത്തുന്നു. ഇങ്ങനെ ദേഹത്തിനകമേയും പലയിടങ്ങളിലുംപുറമേയുംഇതു് ജീവസഹായിയായിനിലനിന്നു് ദേഹലോകങ്ങളെ സംരക്ഷിക്കുന്നു. മലമൂത്രാദികളുടെ വിസർജ്ജനം പ്രാണസഹായത്താലാണു് നിലനിൽത്തപ്പെടുന്നതു്. ഇതു മാത്രമല്ല മററു പല പ്രക്രിയകളും നടക്കുന്നുണ്ടു്. ഇതിൻെറ എല്ലാം കത്താവാക്കപ്പെട്ട പ്രാണൻ സ്വയം ജഡമാണു്. ജീവനല്ലാത്മാവല്ല. പക്ഷേ ആത്മാ ജീവനത്തെ ചെയ്യിക്കുന്നതു് പ്രാണനെ പിടിച്ചാണു് മറെറല്ലാം പ്രാണനാണു ചെയ്യുന്നതു്.

ലോകത്തു് വർഗ്ഗസംരക്ഷണപ്രക്രിയ വേണ്ടുവോളം കാണാൻ കഴിയും. മരങ്ങളിലും ചെടികളിലും അവയുടെ അവയവങ്ങളും പൂക്കളും, കാകളും എല്ലാമിതിനേ

അംഗീകരിച്ചനുസരിച്ചാണു പോകുന്നതു്. കൈതഓല ഒരുതരത്തിൽ, കടച്ച ഒരുതരത്തിൽ, മരച്ചീനി ഒരുതരത്തിൽ ഇങ്ങനെ വർഗ്ഗസംരക്ഷണം ഉന്നി ഒരട്ടക്ക് ഏതോ ന്യായാനുസരണം നടന്നുവരുന്നു. ലോകത്തുള്ള സർവവും അങ്ങനെ ആണു്. ധാതുക്കൾപോലും വർഗ്ഗസംരക്ഷണ പ്രക്രിയ അതാതിന്റെ പരളകളിൽ നില നിത്തി വർഗ്ഗ നിയമവിധേയമായി നിലകൊള്ളുന്നു. ഇതു് മുമ്പും പറഞ്ഞിട്ടുള്ളതുകൊണ്ടു് വിസ്തരേണ പോകുന്നില്ല.

അതുപോലെ ആകാശവും വായുവും അതാതിന്റെ ജോലി ഒരു അജ്ഞാതമോ അവ്യക്തമോ ആയ മാർഗ്ഗമവലംബിച്ച് നീക്കുന്നുണ്ടു്. ശബ്ദശാസ്ത്രം പറഞ്ഞാൽ അതിവിപുലമായ നഭോമണ്ഡലം–അന്തരീക്ഷലോകം മാത്രമല്ലാ ബ്രഹ്മാണ്ഡം മാത്രമല്ലാ എവിടമെല്ലാമറിയപ്പെടുന്നുവോ അവിടെ എല്ലാം വിഹരിക്കാൻ പാസ് പോർട്ടുത്തിട്ടുണ്ടെന്നുകാണാം. അങ്ങനെ ആകാശവും ശബ്ദവും ലോകാധിപത്യംനേടി വിലസുകയാണു്.

പ്രാണന്റെലോകം അന്തരീക്ഷത്തിലെ ഉള്ള വായു ഉള്ളേടമെല്ലാം. അവിടെ ആകാശത്തെ മാററിനിറുത്തി നടമാടുന്ന സംഭവവികാസങ്ങൾക്ക് നമുക്കു സാക്ഷ്യം വഹിക്കാൻ കഴിയും.

ഉഷ്ണാധിക്യമേറുന്നതു് അഗ്നിക്കാണെന്നാണു് പരക്കേ സമ്മതമെങ്കിലും യഥാർത്ഥത്തിൽ അങ്ങനെ അല്ല. വായു അക്കാര്യത്തിൽ വളരെ ഗംഭീരനും മുന്നിലുമാണു്. എന്റെ അനുഭവവും ഞാൻ കണ്ട ചില ശാസ്ത്രവും അങ്ങനെയാണെന്നെ പഠിപ്പിച്ചതു്. അങ്ങനല്ലെന്നു പറയും ശാസ്ത്രവും കണ്ടില്ല. വ്യാനനെന്നപ്രാണൻ രോമകൂപേഷു സഞ്ചാരിയാണു്. ഫൂൽക്കാരാധിപത്യവും വളരെ

യുണ്ടതാനും. ഇതുകൊണ്ടും പോരെങ്കിൽ വ്യാനൻ സർവ രോമകൂപേഷു സഞ്ചാരികൂടിയാണ്. മാത്രമല്ലാ സർവ രോമകൂപേഷു ഫൂൽക്കാരധാതാവുമാണ്, ഇതിന്റെ ഭവിഷ്യത്തൊട്ടും നിസ്സാരമല്ലതാനും. ഇതിന്റെ ഭവിഷ്യത്ത് ജീവനെ ഏററവും പ്രധാന നിർവികല്പനിലയിലെത്തിച്ച് ബ്രഹ്മത്തിൽ ലയിപ്പിയ്ക്കും. ഇതനുഭവവുമാണ്.

ഇങ്ങനെ ശബ്ദം ഓങ്കാരപരിസമാപ്തിയിൽ ഏററവും ബൃഹത്തായ ബ്രഹ്മത്തിൽ എത്തിക്കുംപോലെ, വ്യാനന്റെ സർവരോമകൂപേഷുപ്രകമ്പനം ഫൂൽക്കാര ഊർജ്ജസ്രോതസ്സായി നിർവികല്പത്തെപ്രാപിച്ച് ജീവരാശിയേ ബ്രഹ്മത്തിലേയ്ക്കാനയിക്കും.

ഇനിയും നമുക്കഗ്നിചാപല്യങ്ങരം പഠിക്കാം. മൂലാധാരൈകനിലയയായ ഒരഗ്നിയുണ്ട്. അതാഹവനീയാഗ്നി എന്നപേരിലറിയപ്പെടുന്നു, ഈ നിലയത്തിനു് നാലു കോണുകളുണ്ട് അഥവാ നാലു ദളങ്ങരം അഥവാ നാലുനാഡികളുണ്ട്. അവയെ യോഗശാസ്ത്രം മനോഹരമായി വിവരിക്കുന്നുണ്ട്. ഈ മൂലാധാരനിലയത്തിനു മുകളിൽ ഇഡാ, പിംഗളാ, സുഷുമ്നാനാഡികരം വന്നു മുട്ടുന്നു. ഇതിൽ പ്രധാനിയും മധ്യവർത്തിയുമാണ് സുഷുമ്ന. ഈ സുഷുമ്നാ മുഖം തുറന്നുകാട്ടുവാൻ അല്പം പ്രയാസമുണ്ടെന്നാണ് പറയപ്പെടുന്നതു്. ഇതിനു് യോഗശാസ്ത്രത്തിൽ ചില മാർഗ്ഗങ്ങരം കണ്ടെത്തിയിട്ടുണ്ട്. അതു് ശാസ്ത്രം കൈകാര്യം ചെയ്യുന്നവക്കറിയാവുന്നതാണ്. അതിവിടെ വിവരിക്കുന്നില്ല. എന്നാൽ ഞാൻ പ്രയോഗിച്ചതും ജ്ഞാനികരംക്കട്ടെത്തതുമായ ഒരു മാർഗ്ഗം ഞാനിവിടെ പറയാം.

മനസ്സിന്റെ വ്യാപാരമുള്ള മനുഷ്യന്റെ മനസ്സ്

ആഗ്രഹവിചാരാദികൾകൊണ്ടു നിറഞ്ഞതാണ്. ഇതെപ്പോഴും ഇടതടവില്ലാതെ നടക്കുന്നു. ഇപ്രകാരേണ ആഗ്രഹവിചാരാദികളെ നടത്തുമ്പോൾ അതിനേയും വഹിച്ചുനിലകൊള്ളും പ്രാണനും കൂടി ചേൻ്ന സുഷുമ്നാമുഖമടച്ചതാകുകയാണ് സംഭവിച്ചിരിക്കുന്നതു്. മനസ്സും പദാത്ഥമായ അണുസംഘാതത്തിൽപ്പെട്ടതാണ്. അവയുടെ ഉൽപ്പത്തി ജഠരാഗ്നിയിൽചെല്ലും അന്നജാണുക്കളിൽനിന്നാണ്. ആയപോലെ അവിടെ പരിവത്തനോന്മുഖമായി ചെന്നെത്തും ജലാഹാരജന്യമായ അണുക്കളാണ് പ്രാണൻെറ ഉടമ്പു്. ആകകൊണ്ടു് പദാത്ഥജന്യമായ ഇവകൾക്ക് സുഷുമ്നാസൂക്ഷ്മനാഡിയെ അടസ്ഥാൻ കഴിയും. അതിനാൽ ആഗ്രഹവിചാരാദിവെടിഞ്ഞുപൂണ്ണനിരീഹനായാൽ അന്തക്കരണങ്ങളെ ചുമക്കുന്നപ്രാണനും നേരിയനിലയേപ്രാപിക്കും. അപ്പോൾ അതിശക്തിയായി ചിന്മയീശക്തി അഥവാ കുണ്ഡലിനീശക്തി സുഷുമ്നയിൽ പ്രവേശിക്കും. ഈ ജീവൽശക്തി ഷഡാധാരങ്ങളെ കടക്കുന്നതു് ദേവീഭാഗവതത്തിൽ സുന്ദരമായി പ്രതിപാദിച്ചിട്ടുണ്ടു്.

ഇതിൻെറ സുഷുമ്നാപ്രവേശത്തോടെ അനുഭവപ്പെടുന്ന അത്ഭുതങ്ങളും അനുഭവസമ്പന്നമായ സാക്ഷാൽക്കാരങ്ങളും, ശരീരലോകാദിധ്വംസനങ്ങളും അത്ഭുതാലത്ഭുതവും കണ്ടറിയേണ്ടതുമാണ്. ഇങ്ങനെചിദഗ്നികുണ്ഡസംഭൃതയായ അഗ്നിയും നമ്മേ മായാമഹാണ്ണവം കടത്തി ബ്രഹ്മത്തിലേയ്ക്കുയയ്ക്കുന്നുണ്ടു്.

ഇനിയും നമുക്കു ജലം ചെയ്യും സഹകരണം കാണാം. ഇതു് മുമ്പു് പറഞ്ഞ അഗ്നിവായു ആകാശങ്ങളെ അപേക്ഷിച്ചു വ്യത്യസ്ഥങ്ങളായി തോന്നുമെങ്കിലും മോശമല്ല.

എന്നാൽ ജീവന് അതിപ്രധാനമാണ് ജലം. അന്നമി ല്ലാതെ വളരെനാരം കിടക്കാമെങ്കിലും ആ പ്രയോഗം ജലത്തിൽ പററുകില്ല. അല്പസമയങ്ങരം കഴിക്കും പോലെയല്ലാ ദിവസങ്ങരം. ഒന്നോ രണ്ടോ ദിവസമാ കമ്പോഴേയ്ക്കും മുഖ്യപ്രാണൻ പിണങ്ങി വെളിക്കുകടക്ക ലാകം. മുഖ്യപ്രാണനെ അനുഗമിച്ചിന്ദ്രിയങ്ങളും അതി നെത്തുടന്ന് മററു പ്രാണങ്ങളും മുഖ്യപ്രാണനെ അനുഗ മിക്കലാകം. വേറെ ശരീരംലഭിച്ചില്ലേൽ സൂക്ഷ്മ രൂപ സഞ്ചാരിയായി കാലം നയിക്കും. ഇതു് ഇപ്പോഴും നടന്നുവരുന്നുണ്ട്. എന്നാൽ ജലത്തിന്റെ ശ്രേയോമുഖ ങ്ങളെ കാട്ടാൻചിലവിവരണങ്ങളും ശാസ്ത്രങ്ങളും കാട്ടാം.

'മൂലാധാരൈക നിലയാ
ബ്രഹ്മഗ്രന്ഥിവിഭേദിനി
മണിപൂരാന്തരുദിതാ
വിഷ്ണുഗ്രന്ഥി വിഭേദിനി
ആജ്ഞാചക്രാന്തരാളസ്ഥാ
രുദ്രഗ്രന്ഥി വിഭേദിനി
സഹസ്രാരാംബുജാ രൂഢാ
സുധാസാരാഭിവർഷിണീ
തടില്ലതാസമരുചി
ഷൾചക്രോപരിസംസ്ഥിതാ
മഹാസക്തികുണ്ഡലിനീ
ബിസതന്തുതനീയസീ'
'ഭവാനീ ഭാവനാഗമ്യാ
ഭവാരണ്യകുഠാരികാ'

ഇത്രയും പറഞ്ഞതിൽ നിന്നും മനസ്സിലാക്കേണ്ടിടം കാട്ടിക്കൊള്ളട്ടേ. ബ്രഹ്മഗ്രന്ഥിഭേദിച്ചു, പക്ഷേ മുക്തനാ യില്ല. ബന്ധനം ബാക്കി കാണുന്നു. വിഷ്ണുഗ്രന്ഥിഭേദിച്ചു

എന്നിട്ടും ബന്ധനം ശിഷ്ടംവന്നു. പോരാഞ്ഞു് രുദ്ര ഗ്രന്ഥിയും ഭേദിച്ചു. എന്നിട്ടും ബന്ധനം ബാക്കി. സഹസ്രാരാംബുജാരൂഢയായി ഭവിച്ചപ്പോഠം സുധാസാരാഭിവർഷിണിയായി. അതിനാൽ തന്നെ മോചിതയുമായി. ആ ജീവൻ 'ഭവാനീഭാവനാഗമ്യാ, ഭവാരണ്യകുഠാരികയു'മായി തീൎന്നു. ഇതെല്ലാം 'സുധാസാരാഭിവർഷിണി ആയതിനുശേഷമാണെന്നോർക്കണം.

'അന്തർമുഖസമാരാദ്ധ്യബഹിർമുഖസുദുർല്ലഭാ' എന്ന നിലയിൽ കണ്ടുകിട്ടുമവസ്ഥാവിശേഷങ്ങളാണു്.

ബഹിർമുഖാവസ്ഥയ്ക്കു് പ്രളയസാക്ഷാൽക്കാരം വളരെ സഹായിയാണു്. എന്നാൽ ഭയം ഭ്രഷ്ടാണു്. അത്ഭുതകരമായ അഖണ്ഡപ്രതീതിയിൽ മുകളും കീഴും ഒരുപോലെ അഖണ്ഡത നിലനിൽത്തും. ധീരാത്മാക്കാംക്കു് ഇതിൽ വ്യക്തിയായ ബിന്ദുവായി കളിച്ചു രസിക്കുവാൻപോലും സാധിക്കും. ഒന്നു് ചിദാകാശ മഹാകാശമെങ്കിൽ മറേറതു് ചിൽസാഗരമഹോദധി. ഈ ബിന്ദു സാക്ഷാൽ ബ്രഹ്മമാണെന്നു മറക്കരുതു്. ശ്രീ മാർക്കണ്ഡേയമഹർഷിപോലും ഭയവിഹ്വലനായിത്തീൎന്ന കഥ കേട്ടിരിക്കുമല്ലോ.

ഇനിയും ഭൂമി നമ്മേ സഹായിയ്ക്കുമോ, സഹായിയ്ക്കുന്നതെങ്ങിനെ, ഇതേററവും പ്രയാസമേറിയതും സംശയങ്ങഠം കടക്കാൻ കഴിയാത്തതുമെന്നു് വേണമെങ്കിൽ പറയാം. ശബ്ദമുണ്ടായാൽ അതു് റെക്കാർഡു് ചെയ്യാൻ കഴിയും. അതായതു് അതുപകർത്താൻ കഴിയും. അതുപോലെ ജീവനത്തെ കുടിയിരുത്തുവാൻ ഭക്തിനിറവുഠ ഉപാസനക്കും മന്ത്രത്തിനും സാദ്ധ്യത ഉണ്ടെന്നു് ഒരു ചിന്ത അവ്യക്തതയിൽ ആണ്ടുകിടപ്പുണ്ടു്. പല നല്ല

ഭക്തന്മാരും താൻ വണങ്ങിവന്ന വിഗ്രഹത്തിൽ പ്രവേശിച്ചതായി കിംവദന്തിയുണ്ട്. അതിനെ അംഗീകരിച്ചാൽ വിഗ്രഹത്തിൽ ചൈതന്യം നിലകൊള്ളുന്നുണ്ടെന്നും മററും സമ്മതിക്കേണ്ടിവരും. പിന്നൊന്ന് ബിംബപ്രതിഷ്ഠാസിദ്ധാന്തമാണ്. അതിൻെറനിഗമനം ആ ദേവതയെ ആ ബിംബത്തിലാവാഹിച്ച് ചൈതന്യം ജനിപ്പിച്ച് ഉപാസനാവിധേയമാക്കി നിലനിർത്താമെന്നാണ്. ഇതിനെ അനുകൂലിച്ച് ഭാരതമൊട്ടാകെ കഥകളോട് കഥകളാണ്. വളരെ ഏറെക്കാലങ്ങൾക്കുമുമ്പുമുതല്ലേ അതായത് ഹൈന്ദവർ എത്രകാലം പുറകോട്ടുനോക്കിയാലും ക്ഷേത്രവും ക്ഷേത്രാരാധനയും കണ്ടെത്താൻ കഴിയും. ഇതു ഭാരതീയർ മാത്രമല്ലാ, യഹൂദരുംപാഴ്സികളുംഎല്ലാംവിഗ്രഹത്തേയോ,അഗ്നിയേയോ, പ്രകൃതിയേയോ ആരാധിച്ചവന്നിരുന്നതായി കാണാൻ കഴിയും. ഇതെല്ലാം കവച്ചുവെച്ചിട്ട് ഒരു അപ്രതിഷേധ്യശാസ്ത്രീയമാർഗ്ഗമായാണ് നവീനമതങ്ങൾ ജൈന – ബുദ്ധ – ക്രൈസ്തവ – മുഹമ്മദ മതക്കാർ കണ്ടെത്തിയതെന്ന് പ്രഖ്യാപിച്ചാണ് അവരുടെ പുറപ്പാട്. ഇതും നാം കൂലംകഷമായി പഠിക്കേണ്ടതാണ്.

ദേവകളുണ്ട്, അമാനവന്മാരായ മഹത്തുക്കൾ സാധാരണക്കാരനെ ഉന്നതിയിലെത്തിക്കാൻ വെമ്പിതയ്യാറായിനില്ക്കുന്നതു് അനുഭവങ്ങളാകുന്നുണ്ട്. ഇവരെവിടെ നിലകൊള്ളുന്നുവെന്നതു് വ്യക്തമായല്ലെങ്കിലും അറിയാൻ സാധിക്കുന്നുണ്ട്, ഇനിയും ചില ഉദാഹരണങ്ങൾ പറയാം. വളരെക്കാലംമുമ്പ് ബ്രഹ്മചര്യത്തെ ഇളക്കം പ്രകാരമുള്ള പ്രായവും വഹിച്ചു ഞാൻ നടക്കുംകാലം ദേവതാസാക്ഷാത്ക്കാരം സാധ്യമാകുന്നുണ്ടെങ്കിലും ശ്രീഭഗവതീസാക്ഷാത്ക്കാരം ക്ഷോഭേവിഹീനനായി

സാധിക്കാൻ പ്രയാസമെന്നുകരുതി നിരാശനായിട്ടിരുന്ന അവസരത്തിൽ ശ്രീഉമാദേവി മാതൃഭാവത്തിൽ പ്രത്യക്ഷപ്പെട്ട ദേവീസാക്ഷാത്ക്കാരം സാദ്ധ്യമെന്നു കാട്ടി പിരിഞ്ഞതും ശ്രീധരനനുഭവമെന്നിരിക്കെ മററാക്കാണസാദ്ധ്യം, സാദ്ധ്യമല്ലെന്നുതോന്നുന്നവനുമാത്രം. ഇതുപോലെ ശ്രീമഹേശ്വരൻ, ശ്രീമഹാവിഷ്ണു, ശ്രീഹനുമാൻ, ശ്രീഗരുഡൻ എന്നുവേണ്ടാ ആരെല്ലാം സഹായത്തിനെത്തിയിരുന്നു. ആ എനിക്കു പറയാനൊക്കുമോ അതൊന്നും സാദ്ധ്യമല്ലെന്നു്.

ഇങ്ങനെ മനുഷ്യൻബിന്ദുസ്ഥാനം വിട്ടെന്നുകണ്ടു് വിറകൊള്ളുമ്പോൾ, വേണ്ടവക്കാരും സഹായമെത്തിക്കും.

ഇപ്രകാരം ജീവരാശിയും ദേവസമൂഹവുമിരിക്കേ ഇവർ തമ്മിൽ അടുക്കുകയില്ലെന്നോ അതു വളരെ വിരളമെന്നോ പറഞ്ഞാൽ ഞാനെങ്ങനെ കൈക്കൊള്ളും. ജീവരാശിയും ദേവസമൂഹവും ഉരസി ഉരസി കഴിയും ചൈതന്യങ്ങളാണു്. അന്യോന്യം ഘടിപ്പിക്കപ്പെട്ടതുമാണു്. അതുകൊണ്ടു് ഇവർ തമ്മിൽ കൂട്ടതലടുക്കാനും, മനസ്സിലാക്കാനും പ്രയോജനപ്പെടുത്താനും മാർഗ്ഗമില്ലെന്നു കരുതരുതു്. ബ്രഹ്മവാദികളും അദ്വൈതികളും അവധൂതന്മാരും മററും ഭാരതത്തിൽ ധാരാളമുണ്ടു്. വലിയവലിയ മഹാത്മാക്കളേയും ഇവരിൽ കാണാം. ഋഷഭനവധൂതനാണു്, ദത്താത്രേയനവധൂതനാണു്, അവധൂതന്മാരിലെല്ലാവരുംതന്നെ അദ്വൈതികളാണു്. എന്നാൽ അവർ തന്നെ പറഞ്ഞിരിക്കുന്ന ഗ്രന്ഥങ്ങളിൽ അവർ ചെയ്തിരിക്കുന്ന പ്രയോഗങ്ങൾ അവരറിയാതെ അല്ലാ. അതും നാം കണക്കിലെടുക്കേണ്ടതാണു്. അതിലെല്ലാം ഈശ്വരനു് സ്ഥാനമുണ്ടു്. ഒരു ഗുരുവന്ദനമെങ്കിലും ചെയ്യാതെ ഗ്രന്ഥമെഴുതുകയോ, അതുകൾ പറകയോ ചെയ്യുന്നില്ല.

അപ്പോഠ സർവജ്ഞ, സർവേശ്വര, സർവവ്യാപി യായും, സർവാന്തര്യാമിയായും ഇരിക്കും ബ്രഹ്മത്തിനും എന്തോ പററിപ്പോയോ എന്നു തോന്നുംപ്രകാരം ഏതോ വ്യംഗ്യമായി കിടക്കുന്നുണ്ടാകാം എന്നുവരുന്നു.

ബ്രഹ്മം ബ്രഹ്മമായി തന്നെ ഇരിക്കേ ഒരു ജഗൽ സൃഷ്ടിക്കൊതിയനായ ഒരു ഈശ്വരൻ എങ്ങനെ വന്നു ചേൻറു. ബ്രഹ്മത്തിനങ്ങനെ ഒരു തൊഴിലോ, ഒരുപാടു് കിളകിളച്ചതാണു്. നിധിയിന്നും കുഴിയിൽ തന്നെ. കിട്ടുംവരെ കിളക്കലൊരു മാഗ്ഗമോ.

താൻ താനായിരിക്കേ ബ്രഹ്മം ബ്രഹ്മമായിരിക്കേ അതിനകവും പുറവുമില്ലാത്തവണ്ണം പൂണ്ണം നിറവുററി രിക്കേ മായാലേശം തീണ്ടിയതാക്കി ഈശ്വരനാക്കിയ താരു്, ഈശ്വരനായതെങ്ങിനെ ഈക്കാണായതെല്ലാം പടച്ചതെന്തിനു്. അതിനുത്തരവാദിപടച്ചവനോ പടസ്സു പെട്ടവനോ. ലോകസൃഷ്ടിസ്സു കൊതിവന്നതാക്കു് സൃഷ്ടി ക്കപ്പെട്ട ജീവരാശിക്കെന്നതു് സിദ്ധാന്തമെന്നു പറ ഞ്ഞാൽ ശരിയാകുമോ. കൊടിച്ചിപട്ടിയും കടമുട്ടിയാൽ കടിക്കും. സിംഹത്തേ കടിച്ചകഥയുണ്ടു്. ലോകം വേണ മെന്നുതോന്നിയ കൊതി ശരിയായതെങ്ങിനെ.

ഒന്നു നാമോക്കണം. ഇതിലൊന്നും വലയുന്നതു് ഈശ്വരനല്ല ബ്രഹ്മമല്ല പാവം ജീവരാശി. കുഞ്ഞുങ്ങഠ ഈച്ചയെ കൊന്നു കൊരുത്തുകളിക്കുന്നു. ഉറുമ്പിനേ തീ വെച്ചു ചുട്ടുകളിക്കുന്നു കുഞ്ഞൊന്നുമറിയാഞ്ഞാണു്. ഈശ്വരൻ പാവം ഒന്നുമറിയുന്നില്ല. വേവുന്നതു് ജീവ രാശി. ഇതുപോലൊരു കളി ലോകം സൃഷ്ടിച്ചകളി-

ജീവജാലസൃഷ്ടികളി അനുഭവിക്കലോ ജീവരാശി—
തേവെടാ തേവ്

പേരിമ്പസാഗരം വററുവതെങ്ങിനെ കരയെവിടേ
നിലയെവിടെ—തേവെടാ തേവ്.

ഇങ്ങനെ ഒരു സിദ്ധാന്തം ആവിഷ്കരിച്ച് അതുശരി
ഇതുശരി ഈശ്വരൻ പരിശുദ്ധൻ എന്നൊരു ശ്രുതിയും
നിർമ്മിച്ച് ജീവരാശിഭരണം നടത്താമോ. നോക്കാം.

ഇതു് വൈരാഗ്യദർശനമേ ആകുന്നുള്ളു. സിദ്ധാന്ത
മെവിടേ, സിദ്ധാന്തദർശനമേ ദർശനം. അതെവിടെ
എങ്ങനെ എന്നു കാണാം. സിദ്ധാന്തം പറയാതെ
എന്തെല്ലാം കാട്ടിയാലും ന്യായമതാകയില്ല. വിതണ്ഡം
നിറുത്തി ന്യായമായി യുക്തി അനുഭവം മുതലായനുചര
ന്മാരോടൊത്തു് നീങ്ങാം.

മനസ്സു നിർമ്മലമാക്കി അന്യചിന്ത വെടിഞ്ഞു
ശ്രദ്ധയാ കേൾക്കുക. കാലിൻെറ വിരൽ തുമ്പത്തു
തൊട്ടാൽ അറിയുന്നതിനു് നിമിഷങ്ങൾ വേണ്ടാ
അപ്പോളറിയും. എന്നാലും സമയമതിലും കടന്നെന്നു
വന്നേക്കാം. നിങ്ങൾ ഇരുട്ട് കണ്ടിരിക്കുമല്ലോ എന്നാൽ
അതിൻെറ ഒരററംവിട്ട് എതിരററം കാണലിനു്
നോക്കുംതാമസമല്ലാതെ കാണാൻ താമസമുണ്ടോ, ഇവി
ടേയും സമയം, കാലം കടന്നെന്നുവരാം. ഇരുട്ടിന്നപ്പുറ
ത്തുള്ള നക്ഷത്രരശ്മികൾ വർഷങ്ങളെടുത്താണിവിടെ
എത്തുന്നതെന്നു പറയപ്പെടുന്നു. പക്ഷേ മനസ്സ് കണ്ണിൽ
കൂടി അതിലെത്തുന്നതിൻെറ അളവു് പറയുന്നില്ല.
ഇതിനും പുറമേ മററു ചില വിവരണങ്ങൾതന്നു് നമ്മേ
നന്നേ വ്യാകുലപ്പെടുത്തുന്നുമുണ്ടു്. ഇതെന്തെന്നു കേൾ
ക്കണോ. നാം നമ്മിൽ നിന്നല്ല തുടങ്ങിയതു്. അങ്ങ
കലെ ബ്രഹ്മാണ്ഡത്തിൽനിന്നുമാണു്. അവസ്ഥ് നമ്മി
ലെത്താൻ സമയം വേണം. ആകയാൽ താമസംവരാം.

പക്ഷേ നമുക്കവരിലെത്താൻ സമയം വേണമോ, മാത്ര മല്ലാ നമുക്ക് നമ്മിലെത്താൻ സമയമേ വേണ്ടല്ലോ അതിവിശിഷ്ടമായ ആത്മാവിനു് മായാമാതാ തന്നിരിക്കുന്ന വിശിഷ്ടോപകരണമാണു് മനസ്സു്. ശുദ്ധസത്വ സ്വരൂപിണിയായ മായയുടെ സാത്വീകാംശം തന്നെയാണു് മനസ്സു്, ഈ മായയിലാണു് — മായയിൽ പ്രതിബിംബിതനീശ്വരൻ മായയ്ക്കൊട്ടുമധീനനല്ലായവൻ എന്നറിയപ്പെട്ടമിടം. അതായതു് മനസ്സെത്രമേൽ ചഞ്ചപ്പെട്ടാലും ആത്മാവിൻെറ രോമം—തൃണം—അല്പ പുല്ലു പോലുമനങ്ങുകയില്ല. ഏതിനും അതിനൊന്നു നോക്കുകയേ വേണ്ടു ഇതിനെ ശ്രുതി വേണ്ടുവോളം ഘോഷിച്ചിട്ടുണ്ടു്. ഇവയെല്ലാം കൊണ്ടാണു് മനസ്സു് മറേറതിനേക്കാളും ആത്മാവോടു് അടുത്തുനില്ക്കുന്നു എന്നു പറയുന്നതു്. ആകയാൽ മനസ്സു് ഏതോ ഒരു സചിവസമാനം നിലകൊള്ളുകയാണു് എന്നു് ആൎക്കും തോന്നാം. ഈ മനസ്സിൻെറ തന്നെ മഹിമാനം അളക്കാൻ പ്രയാസമാണു്. നോക്കും മാത്രയിലവിടെത്തി. ഇതുപോലെയുമല്ല ആത്മമഹിമാനം.

'തദേജതിതന്നൈജതി
തദ്ദൂരേ തദ്വന്തികേ
തദന്തരസ്യ സർവസ്യ
തദുസർവസ്യാസ്യ ബാഹ്യതഃ.'

അതു് ചലിക്കുന്നു, അതു് ചലിക്കുന്നില്ല, അതു ദൂരത്തിലാണു് അതു് അടുത്തുമാണു്, അതു് എല്ലാററിൻേറയും അന്തർഭാഗത്താണു്. അതേവിധം സർവത്തിൻേറയും പുറമേയും നിലകൊള്ളുന്നു.

കേനം 3

'നതത്രചക്ഷുർഗച്ഛതി ന വാഗ്ഗച്ഛതിനോമനോ
നവിദ്മോനവിജാനീമോയഥൈ തദനുശിഷ്യാ
ദന്യദേവതദ്വിദിതാ ദഥോ അവിദിതാദധി ഇതി
ശുശ്രുമപൂർവേഷാം യേന സ്തദ് വ്യാച ചക്ഷിരേ'

അവിടെ നയനങ്ങൾക്ക ചെന്നെത്താൻ സാദ്ധ്യമല്ലാ, വാക്കോ മനസ്സോ അവിടെ എത്തുകില്ലാ. അതെങ്ങനെ എങ്ങനെ എന്നു വിവരിയ്ക്കാൻ പററുന്നില്ലാ. അതിനെ ആരുംതന്നെ അറിയുന്നില്ല. ആ അതു് അറിയപ്പെട്ടതിൽ നിന്നും അന്യമാകുന്നു. അറിയപ്പെടാൻ സാധ്യമല്ലാത്തതും അറിയപ്പെടാവസ്തുതത്വത്തിൽനിന്നും ഭിന്നവുമാകുന്നു. ഈ വിധേന ഒക്കെ പൂർവാചാര്യന്മാർ പറഞ്ഞു കേട്ടിട്ടുണ്ടു്. ഈ രീതിയിലാണു് ആത്മമഹിമാനം.

ആത്മാവിന്റെ ചില വിഭൂതികളവലോകനം ചെയ്യാം. മുമ്പു് ഞാൻ പറഞ്ഞുവല്ലോ കാൽ തുമ്പത്തു തൊട്ടാൽ ആ സമയംതന്നെ ശിരോഹൃദയത്തിലറിയുമെന്നു്. മനസ്സിന്റെ വേഗതയും മററും നിർമ്മലമായ മനസ്സായാൽക്കൂടിയും, ശുദ്ധസത്യസ്വരൂപമായിരുന്നാലും അതു് ജഡപദാത്ഥമാണു്. 'മുല്ലപ്പൂമണമേററു കിടക്കും കല്ലിന്നുമുണ്ടാമൊരു സൗരഭ്യം' എന്ന മാതൃകയിൽ ജീവസമാനഭാവേന രാജസചിവനെപോൽ വിരാജിക്കലാണു മനസ്സു്. പക്ഷേ അയാൾക്ക പ്രവർത്തിക്കണമെങ്കിൽ ആത്മാവിന്റെ ഇണ്ടാസുവേണം. അല്ലേൽ പണ്ടു കേനത്തിൽ പറയുംപോലെ അഗ്നികത്തുകയില്ല, വായുപറത്തുകയില്ല. ജലം നനയ്ക്കുയുമില്ലെന്നുവന്നുകൂടും.

അതുപോലെ ചില വിശേഷങ്ങൾ നമുക്ക കണ്ടെത്താൻ കഴിയും. ആത്മാ ഇവിടേയുമെത്തി അപ്പുറവുമെത്തിനില്ക്കുകയാണു്. സ്വയം ചൈതന്യനാകകൊണ്ടു് കടംകൊള്ളാൻ പോകേണ്ട. ഇങ്ങനെ ഒരു വേഗക്കൂടുതൽ ആത്മാവിനുണ്ടു്. ഇതു് നിസ്സാരമെന്നു തോന്നരുതേ. മുമ്പു ഞാൻ വിവരിച്ചതിനെ ഒന്നുകൂടി പറഞ്ഞീടാം.

ഒരിക്കലൊരുനിമിഷേ ഈക്ഷണച്ഛവിപൂണ്ടപ്പോൾ

കണ്ടു മായയതേ ലോകംസൃഷ്ടിച്ച നില്പതായ്, ബോധേ നിമിഷമില്ലല്ലോ. കണ്ടുബ്രഹ്മം ജഗത്തന്തത്പന്നമതായിട്ട്, എല്ലാമൊരുനിമിഷം ഒരു സമയം ജഗത്സൃഷ്ടി പ്രളയങ്ങളും ആകെ കഴിഞ്ഞ സമയംതന്നെ ജഗത്തനുപത്പന്നമായും കണ്ടു. ഇതത്രേ ബ്രഹ്മചൈതന്യം ആത്മവേഗത വിവരിപ്പതസാദ്ധ്യമേ.

ഏതുരീതിയിലാണോ നിദ്രാധിപതിയായ സുഷുപ്താത്മാവിനെ 'ഏഷസർവ്വേശ്വര ഏഷസർവജ്ഞ ഏഷോ അന്തര്യാമേഷയോനി സർവസ്യ പ്രഭവപ്യയാഹി ഭൂതാനാം' എന്നലങ്കരിക്കപ്പെടുന്നത് ആയിടത്തേ ചിലവ ഞാനല്പം വിവരിക്കട്ടെ.

നല്ലിരുട്ടാണെങ്കിൽ മറ്റൊന്നും കാണുകില്ലല്ലോ, ഇരുട്ടിനെ ഏകമായി കാണുകയും ചെയ്യും. അതേ രീതിയിൽ നിദ്രയേയും നമുക്ക മനോവീക്ഷണാൽ കണ്ടെത്താൻ കഴിയും. ഇവിടേയും ഏകമേവ അദ്വിതീയം തന്നെ. അതുപോലെ നിർവികല്പനിലയിൽ മഹാകാശം കണ്ടെത്തി കഴിഞ്ഞാൽ തന്റെ ഉപബോധമനസ്സിൽ അവ്യക്തതയിലാണ്ട് ഒരു രൂപമറിയപ്പെടുന്നതറിയാം. ഇതിനെ കടന്ന് തന്റെ ആകമാനം മറഞ്ഞേ അഖണ്ഡാകാരവൃത്തി എത്തപ്പെടു. ഇത് മനസിന്റെ ഒരു പ്രത്യേകാവസ്ഥയാണ്. ദിക്കുമാറി തോന്നുന്നത് മനസിന്റെ ഒരു വൃത്തിയാണ്. അതുപോലെ അഖണ്ഡാകാരത്തെ തെളിച്ചുകാട്ടുന്ന ഒരവസ്ഥയാണ് അഖണ്ഡാകാരവൃത്തി എന്നുപറയപ്പെടുന്നത്. ഇതിൽ മഹാകാശവടിവോടൊത്ത് തന്റെ ആകാരത്തെ അറിഞ്ഞിരുന്ന ബോധത്തിന്റെ ഒരവ്യക്തഉപബോധം അടിഞ്ഞു കിടക്കുന്നതറിയും. ഇതുകൂടി മറഞ്ഞേ അഖണ്ഡാകാരവൃത്തി ശുദ്ധമാകു. ഇവിടെ ഏകമേവ അദ്വിതീയം

ബ്രഹ്മമെന്ന നില തെളിവുററു് വന്നു ഭവിച്ചു തുടങ്ങും. ഇവിടേയും നില്ക്കരുതു് എന്തെന്നാൽ ബോധനില വ്യക്തമായി കിട്ടണം. ഇവിടവും കുറെ ഒക്കെ പറയാം. ഇവിടം അറിഞ്ഞുതെളിയലാണു്.

ഏകമേവാദ്വിതീയം ബ്രഹ്മമെന്നനിലയിൽ താൻ വന്നെത്തലാണു് ഭവനീയം. ഇതു് ബോധനിലവിട്ടാകരുതു്. വിട്ടായാൽ നിദ്രയും സമാധിയും ഒന്നാകും. എന്നാൽ ഉറക്കത്തിലെ സർവസുഖദായിനിയായ ബോധത്തെ ആത്മാവല്ലാതാരറിയുന്നു. അവിടം ആത്മാവറിയുന്ന എന്നുകണ്ടെത്തണം. അതെന്താണു സംഭവിച്ചു കാണാത്തതു്. അതു് ജീവോപാധി നിലനില്ക്കുന്നതു കൊണ്ടാണു്. അതുകൊണ്ടുതന്നെയാണു് മോക്ഷാർഹിയായ കണ്ണന്റെ ജീവനെ ജീവിക്കലിനെ സർവലോക ഗുരുവായ ശ്രീകൃഷ്ണഭഗവാൻ വാങ്ങി മോചനം സർവ മോചനം നിർവഹിക്കുന്നതു്. ഇത്രയുംകൊണ്ടു് പലരും ഉദ്ദേശിക്കുന്ന തരത്തിലോ മനസങ്കല്പമാത്രകയിലോ അല്ലാ ആത്മമോചനമെന്നുവ്യക്തം മനസ്സിലാക്കണം.

ആത്മപ്രഭാകരൻ വാങ്ങ്മനോഗോചരനൊന്നുമല്ലാ അവ്യക്തനാണു് അനന്തനാണു് സർവാതീതനെന്നു മനസ്സിലാക്കണം,

അല്പജ്ഞനായ ഞാനെന്തെല്ലാമാണു് കാട്ടിക്കൂട്ടുവാനൊരുങ്ങുന്നതു്. അനന്തമായ ഈ ലോകം ഈശ്വരനിർമ്മിതമോ ബ്രഹ്മനിർമ്മിതമോ ആയിക്കൊള്ളട്ടേ ഇതിൽ നിർഭയം സഞ്ചരിക്കാമെങ്കിൽ അതുമൊരു മഹാനേട്ടം തന്നെ. ചിറകടിച്ചു് നിമിഷവേഗത്തിൽ ലോകസഞ്ചാരംചെയ്യുമന്നങ്ങൾ ഒരു കൂട്ടിലകപ്പെട്ടാലത്തെ അവസ്ഥയല്ലേ ജഡശരീരിയായ മനുഷ്യരാശി അനുഭവിക്കു

ന്നതു്. അവനറിയാം അവൻ സർവതന്ത്രസ്വതന്ത്രനാണെന്നു്. പക്ഷേ എന്തുഫലം. അതിനെ ശരീരക്കൂട്ടിലാക്കി അത്തും സുന്ദരാലംകൃതമാക്കിയാൽ അകപ്പെട്ടുപോയാത്മാവിനു് എന്തുശാന്തി. പശുവുണ്ടു്_പശുപതിയുണ്ടു് _ കയറുണ്ടു് _ കുററിയുണ്ടു്, കറങ്ങുകയല്ലാതെന്തു ഗതി. അതിശക്തനായ ആനയ്ക്കു് കഴുത്തിൽ വട്ടക്കയറു്, നടുവിൽ ചങ്ങല, കാലുരണ്ടും കൂട്ടികെട്ടി ചങ്ങല, പിന്നെ ശക്തനായാലെന്തു്. മനുഷ്യനു് തലയിൽകെട്ടു് നെഞ്ചിൽകെട്ടു് വയററിൽകെട്ടു് സ്വതന്ത്രനെന്നു പറച്ചിലും. ഈ ഇതു് ഈശ്വരസംഭാവന. പിന്നെ മനുഷ്യദേവന്മാരുടെ കെട്ടുവിടെല്ലാം. അകപ്പെട്ടാൽ പന്നിചൊരക്കാപിഞ്ചു് ഈ നിലയിൽവന്നുവീണ ആത്മാ കരകേറും വിധമേതു്. കുഴിയിൽവീണ ആനപോലെ താപ്പാനപിടിയിലേല്ലോ. അമ്മേ അതാണു കാണുന്നതെവിടേയും.

അനന്തമായ അന്ധകാരമഹോദധിയിൽ അകപ്പെട്ടവനേപ്പോലെ ആയിപ്പോയ ജീവരാശിക്കും മാർഗ്ഗം കണ്ടെത്തണമല്ലോ. അവൻ നശിച്ചാൽ മതിയെന്നോ. പണ്ടൊരിക്കൽ ചെറുപ്രായത്തിൽ സമുദ്രനീന്തലിൽ താല്പര്യപൂണ്ടു് ശ്രീധരൻ കടലിൽ പതിവായി നീന്തലാരംഭിച്ചു. പല ശരീരശേഷിയുള്ളവരും പങ്കുചേർന്നിരുന്നു. അന്നന്നങ്ങൊരുദിനം _ അതിസാമർത്ഥ്യം കാട്ടിയ ഒരു ദിനം_ തിരുമുല്ലവാര അമ്പലസമുദ്ര കടവിൽ വളരെ ഉള്ളിൽ എത്തിനില്ക്കുംസമയേ കിഴക്കും വടക്കും തെങ്ങിൻ മണ്ടകറംമാത്രം കാഴ്ചവസ്തുവായ് ആശ്വാസംനല്കിവിരാജിച്ചുനിലകൊള്ളവേ അവശനായി അല്പാല്പം ഉപ്പുവെള്ളം അനുവാദം കൂടാതെ സേവിച്ചുപോകയും ചെയ്തു കരപററാൻ വെമ്പുംനിലയിൽ—ഒന്നു നിന്നുനോക്കാം.

കരയെങ്ങാനും എത്തുപെട്ടാലോ എന്നു കരുതി കാലു താഴ്ത്തി അമ്പേ ഞാനും കീഴ്പ്പോട്ടു പോയതറിയാം. പ്രാണൻ കളയരുതെന്നുകരുതി അവശനായിരുന്ന ഞാൻ മേലേയ്ക്കു തുഴഞ്ഞു ആകാശം കണ്ടെത്തി. ആശ്വാസന മേകയാലാണോ ആകാശമായതു്. ഇതുയുമാകുംമുമ്പേ തന്നെ ഒരു തിര എന്നെ പൊക്കിഎടുത്തടിച്ചതും ഒരു ത്തന്റെ പുറത്താണെന്നു മനസ്സിലായി. സുപ്രസിദ്ധ സ്പോർട്ട്സ്മാൻ ശ്രീ. കരുണാകരൻനായരുടെ മുതുകത്തു് അവരുടെ മുമ്പിൽ അല്പപ്രാണിയായ ശ്രീധരൻ അവ രോടൊപ്പം കരഎത്തി.

ഇതുപോലെ ഒരു പ്രയത്നം ഞാൻ ധ്യാനത്തിൽ പല വുരു പ്രളയമഹോദധിയിൽ ചെയ്തുനോക്കി. അടി യിൽ അന്ധകാരം നിറഞ്ഞ ഭീതിദായകമഹാസമുദ്രം. നിന്നുനോക്കിയാൽ ഒരു രക്ഷയുമില്ലെന്നുവ്യക്തം. അതി നാൽ അപ്രകാരം ശ്രമിച്ചതുമില്ല. ശ്രീമാർക്കണ്ഡേയ മഹർഷിയുടെ പ്രളയസാക്ഷാത്കാരഭാഗവതവിവരണം വായിച്ചപ്പോഴം അതിൽ ആഗ്രഹംതോന്നി. ഒരു രാത്രി അപ്രകാരേണയുള്ള സാക്ഷാത്ക്കാരത്തിനു് ശ്രമിച്ചു നോക്കി. നേരമധികമിരുട്ടി. വീക്ഷണം അങ്ങകലെ അകലെ ശൂന്യവിശാലത പകന്നു് പകന്നു് വന്നങ്ങു ചക്രവാളത്തിലെത്തി. വേമ്പനാട്ടുകായലിന്റെ തെക്കേ അററത്തു് ബോട്ടിൽനിന്നു് വടക്കോട്ടുനോക്കിയാൽ കാണുംപോലെ ആകാശമറുതികാട്ടി ചക്രവാളസീമയി ലായി. പെട്ടെന്നു് വീതി വിസ്തൃതമായി. പ്രളയ മഹോദധി പ്രത്യക്ഷമായി കാണുകയായി. ഉഗ്രമായ തിര മാല പത്തുമുപ്പതടി ഉയരത്തിൽ ആക്രോശിച്ചടുക്കുക യായി. ധീരനായ ശ്രീധരൻ ഭയവിഹ്വലനായി. തിര മറയുന്ന ഭാവവുമില്ല. ഘോരഘോരമടുക്കാൻ തുടങ്ങി.

ഘോരാന്ധകാരവും ഘോരപ്രളയപയോധിയും കൂട്ടായി ആക്രമിക്കലാണ്. ശ്രീധരനന്തംവിട്ട് കതകുതുറന്ന് വെളിക്കുചാടിപ്പോയി. അല്പം വിശാലമായ തെക്കേ മുററത്ത് ലാത്താൻ തുടങ്ങി. സംഭ്രമമകലുന്നില്ല, സമുദ്ര മടങ്ങുന്നുമില്ല, സമാധാനം കിട്ടുന്നുമില്ല. ഘോരാന്ധ കാരം ആ ഭീകരത വദ്ധിപ്പിച്ചു വിരാജിക്കുന്നു. എങ്കിലും സമയം സഹായഹസ്തം നീട്ടുന്നുണ്ട്. ശാന്തി അടുത്തടു ത്തെത്തുന്നു. ശ്രീധരൻ പറഞ്ഞുപോയി ഉടനടി ഇതു വീണ്ടും തുടരുകയില്ല, അല്പദിവസങ്ങൾക്കകം മന ശക്തിയും മനനവും വിപുലപ്പെടുത്തി വീണ്ടും എത്തി ച്ചേരാമെന്നു, ധ്യാനമുറി അടച്ചു കിടക്കമുറിയിൽ പ്രവേ ശിച്ചു കിടക്കയായി.

നാളുകൾ പലതുകഴിഞ്ഞു. ഇതിനിടെ ഞാൻ ശ്രീ മാക്കണ്ഡേയനെവിട്ട് ശ്രീപ്രഹ്ലാദനെ സ്വീകരിച്ച് പ്രവത്തനം തുടങ്ങി. പ്രഹ്ലാദനെ തീയിലിട്ടാൽ തീയ തായി ജീവൻ പുലത്തും. ജലത്തിലായാൽ ജലമതായി ജീവൻ പുലത്തും. ഈ മാതൃക അവലംബിച്ചുനീങ്ങി. ഞാൻ ധൈര്യാൽ ജലനില അവലംബിക്കുമെന്നായ പ്പോൾ സാധാരണ ചന്തഭാഷയിൽ പറയുംപോലെ എല്ലാം തങ്കാശിയിൽ തീരുമെന്നായി. അങ്ങനെ അവി ടവും ഞാൻ കടന്നുകൂടി.

അനന്തമായ അന്ധകാരമഹോദധിയിൽ അകപ്പെട്ട വനെപ്പോലെ ആയിപ്പോയ ജീവരാശിക്കു രക്ഷപെ ടാൻ മാഗ്ഗം കണ്ടെത്തലാണു വിഷയം. ആ വിഷയത്തെ പുരസ്കരിച്ചേ സിദ്ധാന്തമാകാവൂ. മാഗ്ഗം വിട്ടുപോകരുതു് മറുകണ്ടം ചാടരുതു്. ഇതു മനസ്സിൽ വച്ചുതന്നെയാണു് കഴിഞ്ഞ അനുഭവ ചിത്രീകരണങ്ങളും.

ധീരധീരം മുന്നേറാൻ മാഗ്ഗം തേടാം. ജ്ഞാനത്തിൽ

കൂടിയോ ശ്രദ്ധയോഗത്തിൽക്കൂടിയോ സഹസ്രാരാം ബുജാരൂഢനാകുകയേ മാർഗ്ഗമുള്ളു. അപ്രകാരമായാൽ മോചനം തീർച്ചയിലെത്തും. അതുവരെ ഭയം അവരെ കൊടുംഭീകരനെപ്പോലെ ദുഷ്ടചിന്താസമേതം അനുഗമിച്ചുകൊണ്ടിരിക്കും. ആകയാൽ സഹസ്രദളസ്ഥിരാസനനായി നിശ്ചലജ്ഞാനിയായി അവിടെത്തന്നെ നില കൊള്ളണം. അവിടെ ബിന്ദുസ്ഥാനവും കണ്ടെത്തും — കണ്ടെത്താൻകഴിയും. അതായതു് അഖണ്ഡലോകത്തിൻെറ മദ്ധ്യകേന്ദ്രം കണ്ടെത്താൻസാധിക്കും. അതു് കടലിലായാലും ആകാശത്താണേലും നിർഭയനായിഅവനത നുഭവിച്ചാനന്ദിക്കും. ഇവിടം പല വിധം അറിയേണ്ടതുണ്ടു്. മാർഗ്ഗങ്ങളും പലതാണു്. ഈ ഇടത്തിൽ ആത്മാദുഃഖാഗ്നിവും കടന്നാണു നിലകൊള്ളുന്നതു്. ഇവിടെ പറയുംഎല്ലാ വാക്കുകളും ശ്രദ്ധയാ അറിയണം. സുരക്ഷാമാർഗ്ഗമറിവുള്ളവൻ ഉറപ്പുള്ള മനോഹര ചെറുനൗകയിൽ തിരമുറിച്ചു നീണ്ടുമവസരത്തിൽ കീഴ്മേൽമറിക്കലിലാനന്ദംകൊണ്ടു് സഞ്ചരിക്കും പതിവു സഞ്ചാരിപോൽ സുഖാനുഭവിയായി സഞ്ചരിച്ചാനന്ദിക്കലിനു് അവസാരംകിട്ടും. കീഴ്മേൽമറിക്കലുകൾ ആനന്ദദായകമായി നിലനില്ക്കും. ഇവിടെ കണ്ടെത്തും വിഹംഗവീക്ഷണം അനിർവചനീയമാണു്. ഇതല്ലാമനുഭവിക്കാൻ ക്ഷണിക്കയല്ലാതെ മറെറന്തുകരണീയം.

അതിഭീകര കരകാണാ അന്ധകാരകടൽ കടന്നു, വിശ്വവിശാലകടലിലാനന്ദതിര അടിച്ചുയരുകയായി അതാ അതാ അതിൻെറ മുകളിൽ നീലക്കുട വിടർത്തി വിശാലതയുടെ വീർപ്പോടെ അതാ അതാ അനന്താനന്ദാകാശം അതിൻെറ മോഹനപരിമളം കാട്ടി ചിന്മയീ സച്ചിന്മയീ ആനന്ദാറാട്ടിനു് വിളിച്ചാർത്തു നില

കൊള്ളുന്നു. ആരെല്ലാം നോക്കിനില്ക്കുന്നു. ഇതത്രേ ചിദാകാശം, ഇതത്രേ ബോധാകാശം, ഇതത്രേ ശ്രീധരദേശം ഇതത്രേ ആത്മപ്രഭാകര ശോഭിതദേശം ആനന്ദഗംഗാ പ്രവഹിതദേശം, നമിച്ചുപോമേ മാനവരാശി, നമസ്തേ! നമസ്തേ! നമസ്തേ! ബോധാബ്ധിവസംഭരണീ; ബോധാകാശവിശാലിനീ.

ഇവിടല്പം തെളിയണം. ഈ ചിദാകാശം ജഡാകാശമല്ല. തൻറുടൽ മാറിമറഞ്ഞ് താൻ ആത്മാവായി നിലനിന്നതിൻെറഫലമാണ് മുൻ അനുഭവങ്ങൾ. അതായത് ജഡശരീരേ നിലകൊണ്ടിരുന്ന ആത്മാ അഥവാ ജഡശരീരാന്തർഗതനെന്നു തോന്നിയിരുന്ന ആത്മാ ബൃഹത്തായി എങ്ങും നിറഞ്ഞുനിലകൊള്ളുമ്പോഴാണ് ബ്രഹ്മമെന്നു പറയപ്പെടുന്നത്. അത് താനായിനില്ക്കുമ്പോഴാണ് ആത്മാ എന്നു പറയപ്പെടുന്നത്. ഇവിടെല്ലാം ചൈതന്യം പൂരണംചെയ്തു തുളുമ്പിനില്ക്കണം. അല്ലാതെ ജഡാകാശത്തിൽ തുഴയലാകരുത്.

ഇതെന്തിനാണീ ഭഗീരഥപ്രയത്നം എന്നുചോദിച്ചാൽ സംശയമററുഇടമെത്തുപെടും. കേരക്കംപോലെ കഠോരത ഒട്ടുകാണുകയുമില്ല. ശോകനാശവും അതിഹർഷവുംഏറ്റവും വലിയ വൈതരണിയിലും സുന്ദരമായി കണ്ടെത്തുമിടങ്ങളത്രേ ഇവിടമെല്ലാം. അതങ്ങനിരിക്കട്ടെ. എന്താണീ ബിന്ദു. അതാണസ്സൽ 'അഹം' ആത്മാവുമതത്രേ. ബൃഹത്ഭാവത്തിലെ ബ്രഹ്മവും. തെളിച്ചു തെളിച്ചു തെളിയുക.

മനുഷ്യഹൃദയാന്തർദേശത്ത്–

**യാവാൻവാ അയമാകാശസ്താവാനേഷോ**
**അന്തർഹൃദയാകാശഃ ഉപായസ്മിൻദ്യോവ**

പൃഥിവീഅന്തരേവസമാഹിതേ ഉഭാവഗ്നി
ശ്ചവായുശ്ചസൂര്യാചന്ദ്രമസാവുഭൗ
വിദ്യുനക്ഷത്രാണിയച്ചാസ്യേഹാസ്തിയച്ചാ
നാസ്തിസർവംതദസ്മിൻ സമാഹിതമിതി'

ഈ ആകാശമെത്രത്തോളമുണ്ടോ അത്രത്തോളം തന്നെ ഉണ്ടു് ഈ ഹൃദയത്തിലുള്ള ആകാശം. ദ്യോവും, പൃഥിവിയും, അഗ്നിയും, വായുവും, സൂര്യനും, ചന്ദ്രമസ്സും, വിദ്യുത്തും നക്ഷത്രങ്ങളും യാതൊന്നു് ഈ ദേഹിക്കു് ഈ ലോകത്തിലുണ്ടോ അതും ഏതില്ലയോ അതും ഈ ഹൃദയാന്തർഗത ആകാശത്തിനുള്ളിൽത്തന്നെ സ്ഥിതിചെയ്യുന്നു. ഇപ്രകാരം സർവലോകവും തന്നിൽത്തന്നെ നിലനിർത്തി വിരാജിക്കുന്ന ഹൃദയാകാശം തന്നെ 'ബിന്ദു'. അതുതന്നെ 'അഹം'. അതുതന്നെ ആത്മാ. അതുതന്നെ ബ്രഹ്മം. ഇപ്രകാരേണ ശ്രീധരൻെറ ഉള്ളിൽ —ഏതൊരുവൻെറയുമുള്ളിൽ — ഹൃദയാന്തർഭാഗത്തു് മററെല്ലാഇടങ്ങളിൽനിന്നും യാത്രപറഞ്ഞാലും അവനെ വിട്ടുപിരിയാൻ സാധിക്കാത്തതും, വിട്ടുപിരിക്കാൻ സാധിക്കാത്തതും ആയ ഒരു ദേശമുണ്ടു് — അഹം — ആത്മാ–ബ്രഹ്മം–അതവൻെറ ഉള്ളിൽ തന്നെ ആകയാൽ അതുകൊണ്ടത്രേ ശ്രീധരദേശമെന്നു പറഞ്ഞുപോകുന്നതു്. അവിടന്യനില്ലായ്കയാൽ അവിടം ശ്രീധരദേശം തന്നെ. അവിടം സർവലോകത്തിൻേറയും മധ്യവും മദ്ധ്യമില്ലാ ബ്രഹ്മവുമാണു്.

ഓം ശിവോഹം ശിവോഹം

ഓം

ഭാരതീമക്കൾക്ക
കളിച്ചുരസിക്കുവാൻ
ഭാരതീദേവിചമച്ചോ
രുലകതിൽഅന്തംവി
ട്ടങ്ങുഴലുന്നനേരത്തു്
അങ്ങന്തസോടേപുല
രുന്നബിന്ദുവേ
കണ്ടുകണ്ടുരസി
ച്ചങ്ങുതലതല്ലും
കാഴ്ചഏകട്ടെ മംഗളം നമ്മൾക്കു്
മംഗളം വിളയാടട്ടെ ലോകത്തിൽ
മംഗളാത്മാക്കൾ സന്തോഷിച്ചീടട്ടേ
ഏകസോദരർ ലോകരെല്ലാവരും
മാനവരാശി അതുമാത്രമല്ലാ
ജീവരാശി അഖിലവും സോദരർ
ജീവജാലമഖിലവും സോദരർ
ജീവനില്ലാ ജഡമെന്നു ചൊല്ലിടും
പദാത്ഥമാകവേ ജീവരാശിതന്നെ
ആത്മാവായി പ്രശോഭിക്കമീശനും
ദുഃഖമാണ്ടുകിടക്കുന്ന ലോകവും
മംഗളപ്രഭയേററു വിലസട്ടേ
ആദിത്യനുദിച്ചങ്ങു പൊങ്ങീടുമ്പോൾ
പങ്കജങ്ങൾ വിലസുന്നപോലവേ
എന്നുമെന്നും പരിമളംവീശീട്ടു്
ഉല്ലസിക്കട്ടെ ഭാരതാംബയെന്നും
സർവലോകവും ലോകവസ്തുക്കളും
ജീവരാശിയും ജീവജാലങ്ങളും
മംഗളംനുകന്നാസ്വദിച്ചീടട്ടേ
മംഗളാത്മേ നമസ്തേ നമോസ്തുതേ
ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

## ഓം
## ശ്രീ ഗുരവേ നമഃ

പ്രപഞ്ചത്തെകണ്ടീടും
ദേവദേവനാരെന്ന
താരുമറിഞ്ഞതില്ലേ!
അവനത്രേസാക്ഷാൽ
ശ്രീസാക്ഷിരൂപൻ

ബോധവടിവത്രേ
സാക്ഷാൽ സാക്ഷി
ദ്രഷ്ടാവെന്നൊരു
ദോഷംപററിപ്പോയീ

എന്നാണ്ടുവന്നാലും
ബോധവടിവത്രേ
സാക്ഷാൽസാക്ഷി
ബോധമതെങ്ങനെ
ന്നതാരറിവേൻ
ദ്രഷ്ടാവായ്നിന്നാലും
ദൃക്കായിചമഞ്ഞാലും
ദ്രഷ്ടാണെന്നാണോ
പറഞ്ഞുവിട്ടേ
എന്നാൽനമുക്കല്പം
കടഞ്ഞുനോക്കാം

'അറിയുംപൊരുളല്ലാ
അറിയാപൊരുളല്ലാ
അറിവേവടിവായി
നിലകൊള്ളും പൊ
രുളത്രേ ആത്മാ

വറികെടോ'
തന്നെഅന്വേഷിച്ച
താനെവിടാപോകുവതു്
താൻതന്നെ ആകയാൽ
സാക്ഷിയതുവേണ്ടെടോ
ദൃക്കായിരിക്കേണ്ടാ
ദ്രഷ്ടാവുമാകേണ്ടാ

അഹമാം വടിവായി
ആത്മവടിവാന്നു്
ബ്രഹ്മച്ഛവിപൂണ്ടു
നില്പതത്രേബ്രഹ്മ
മെടോ ആത്മാവുമ
തുതന്നെയഹവുമ
തുതാനെന്നറിക
മഹാശയാ.

ഓം ഓം ഓം

ഓം

നിത്യനിരാമയ
വസ്തുവേതേടണോ
നിന്നുള്ളിൽ നീയായ് നില്ക്കും
നിന്നെ നീ തേടണോ
കണ്ണുമടച്ചു നീ മിണ്ടാതിരുന്നാലും
കണ്ണനാമുണ്ണിയവൻ നിൻകൂടെ കാണുമേ
നീതന്നെആണെന്നതെപ്പോഴുമോർക്കണേ
എങ്ങനെല്ലാപേടിച്ചാലും
രക്ഷ അതാൽ കിട്ടുകില്ലാ

രക്ഷകിട്ടെല്ലെന്നൊരെണ്ണം
ലോകേ ആക്കും കിട്ടുന്നില്ല.

ബ്രഹ്മാവുപണ്ടോടിച്ചാടി
ലോകമെല്ലാമോടിയിട്ടും
വൃത്രാസുരപിടിപെടാതെ
രക്ഷപ്പെടാൻ വഴികണ്ടില്ലാ

ബ്രഹ്മരന്ധ്രേപ്രവേശിച്ചു
താമരതണ്ടിലൊളിച്ചിരുന്നു
വൃത്രാസുരനേം കണ്ടതില്ലേ
കണ്ടതില്ലേ കണ്ടതില്ലേ കണ്ടതില്ലേ

നിൻ സുഷുമ്നാ താമരത്തണ്ട്
ആരറിയുമതിൻവില അതു നീ
യായിരിക്കവാൻ പററുമിടം
തന്നെ കുഞ്ഞേ വേറെ വേറെ
ഇടംവേണ്ടാ വേറേ വേറേ
മാർഗ്ഗംവേണ്ടാ, ആനന്ദിക്കെ
ന്നതും വേണ്ടാ വേണ്ടാ വേണ്ടാ
ദുഃഖം വേണ്ടാ മോദം വേണ്ടാ
മനനം വേണ്ടാ മൗനം വേണ്ടാ
വേണ്ടതങ്ങുവന്നുകൊള്ളും

ഓം
ശ്രീ ഗുരവേ നമഃ

ഗതികെട്ടു ഗതിമുട്ടി
വഴതിവീണാൽ
ഗതിഎവിടേ ഗതി
എവിടെന്നാരറിയും

പാവങ്ങൾ വഴിമുട്ടി
വല്യതായ്യ് വലയുന്നേരം
ഗതികാട്ടി തരുവതി
ന്നാളേകിട്ടുമെന്നോ

അവരെവിടെ! അവ
രെവിടെ! എവിടെക്കാണും
നിലയില്ലാ കടലതിൽ
കരതപ്പിനോക്കാനോ

അതിവേഗം എങ്ങോ
ട്ടോ പായും ലോകേ
പാവിരിച്ചുറങ്ങു
വാനാരുനോക്കും

നിയതി അതായാലും
നിയമമതായാലും
ഇവയെല്ലാം വിളമ്പു
വാൻ പാവം തലയോ

അവനുടയമണ്ടയല്ലേ
ഇവയെല്ലാം വിളച്ചാവോ
ഈശ്വരനെന്നൊന്നു
ലോകത്തിലുണ്ടെന്നോ

നായിക്കൾ കടിച്ചു
കീറികീഴ്മേലെറി
ഞ്ഞീടും തവളല്ലോ
കണ്ണുനീർ തികയു
മെന്നോ? മനമേ!
ഹാ! കഷ്ടം നീയിവ
ക്കു കൂട്ടോടാ ദുഷ്ട
പ്ശാശേ! കഷ്ടം കഷ്ടം

ഇങ്ങനിവയല്ലാതെ
ന്തേ ഞാൻ പറയവത്തു്
ഇരുട്ടുതപ്പീടാൻ
ത്ളാത്തിരി തപ്പണോ

ബ്രഹ്മമേ! ബ്രഹ്മമേ!
ബ്രഹ്മമേ! ബ്രഹ്മമേ!

എങ്ങും ഗതിമുട്ടിയാൽ
നിന്നിലേ ഗതിഉള്ളൂ
നിന്നിൽ ഞാൻ ഗതിതപ്പും
ആകയാൽ വിടുകില്ല
വരുന്നതങ്ങു വന്നോട്ടേ
വെളിച്ചമതുകാണാനും
വിളക്കുവേണ്ടാ
ഇരുട്ടുകാണുവാനും
വിളക്കുവേണ്ടാ

## ഓം
## ശ്രീ ഗുരവേ നമഃ

കനിവിയലുമമ്മേ കാരുണ്യവാരിധേ
മററാരുമില്ലാത്ത ശ്രീധരൻ
ചൊല്ലുന്ന ചൊല്ലുകൾ
കനിവിനൊടു കേൾക്കണേ
അമ്മേ മഹേശ്വരി

ആദിയിലേ ബ്രഹ്മമുണ്ടു്
ബ്രഹ്മമുള്ളപ്പോഴുണ്ടല്ലോ
ആയതിൻ ശക്തിമായയും
എവിടാണു വേർതിരിയുവത്തു്

എങ്ങനാണു വേർതിരിക്കുക
അതു ഞാൻ പറയുവതു്
തെററിയാലും ക്ഷമിക്കണേ
സൂര്യനുദിച്ചുണ്ടുയന്നപ്പോറം
പ്രഭയാണേതാരു ജ്യോതിസ്സ്
സൂര്യനിൽനിന്നും പ്രഭവേർ
തിരിക്കുവതെങ്ങിനേ
അതു സാദ്ധ്യമതാണെങ്കിൽ
പിരിക്കാം ബ്രഹ്മത്തിൽ
നിന്നുമായയേയുമേ

അതുപറയൂ അതുപറയൂ
അതുപറയൂ ശ്രീധരാ
എന്നാൽ ഞാൻ പറയാം
നീ എൻ മകൻതന്നെയെന്നു്

വിദ്യാദേവി ഉമാ മാതാ
അവിദ്യയില്ലെന്നു ചൊല്ലുവോറം
എൻമാതാ എൻമാതാ
ഉമാദേവി ഭാരതി

അന്നന്നൊരുദിനം
അഗ്നിക്കുകത്താൻ
കഴിവില്ലെന്നുകാട്ടി
പഠിപ്പിച്ചങ്ങുവിട്ടതും

കാററിന്നുപറത്താൻ
ആവില്ലെന്നുകാട്ടി
ബോധ്യപ്പെടുത്തിവിട്ടതും
ഇന്ദ്രന്നിന്ദ്രിയാതീതം
കാട്ടിവിട്ടോരുമാദേവി

ഇന്നെൻ വചസ്സുകേട്ടിട്ടു
സന്തോഷിക്കട്ടെ നിത്യവും

അമ്മേ ചൊല്ലട്ടെ ഞാൻ മെല്ലെ
ചൊല്ലാൻ മായ രണ്ടില്ലാ
ഒന്നായി നില്ക്കും മായയതിനെ
രണ്ടാക്കിവിടാൻ മായയ്ക്കെന്തുകാരിയം
ബ്രഹ്മമതേററെടുക്കുമോ

ഒരുവശേ ബോധാകാശം
മറുവശേ വിദ്യാംബുധി
ഇവതമ്മിൽ വേർതിരിക്കും
തിരമാലകൾ കാട്ടണോ

അതുപോലെന്റെയമ്മേ
ബ്രഹ്മത്തിൽനിന്നുമായയേ
വേർതിരിക്കും വഴികാട്ടണോ

ബോധമെന്നതു ബ്രഹ്മമാണേ
മായയും ബോധമാണെല്ലോ
പിന്നെങ്ങനെ വേർതിരിക്കും
വഴികാട്ടുവതുമെങ്ങിനേ

ആത്മാബ്രഹ്മമതാണെല്ലോ
അഹവും ബ്രഹ്മമതാണെല്ലോ
അഹംബ്രഹ്മാസ്മി എന്നല്ലൊ
ശ്രുതിയും ചൊല്ലിവിട്ടതു്.

അവിദ്യാമുടിച്ചൂട്ടുംമായയെ
വിദ്യാവതിയാക്കിയാലും
രണ്ടും നില്ക്കുമൊരേടത്തു്
മായയെപോക്കുവതല്ലാതെ
വഴി എവിടെ വഴിയെവിടെ

അതിന്നുണ്ടൊരുമാൎഗ്ഗം
വിദ്യാപുത്രൻ ശ്രീധരൻ
അഹം ബ്രഹ്മമായിട്ട നില്ക്കുമ്പോഴം
മായയങ്ങെവിടെ കാണും
മായ അന്ത്യവതിഎന്ന ശ്രുതിയും

അനാത്മമൂലംമായാ
സാചബ്രഹ്മണ്യാകാശേ
മേഘാദിരിവദൃശ്യതേ
മായാനാമ അനാദി
രന്തവതീ.............. (സർവസാരോ:)

പിന്നെ പേടിപ്പതെന്തിന്നു്
ആത്മാതന്നെ വിജയച്ചു.
വേറെവഴിയില്ല എന്നമ്മേ
ക്കൂട്ടുകാരുമെനിക്കില്ല
ആരുംക്കൂട്ടാക്കിയില്ലെങ്കിൽ
ഒററക്കിരുന്നുപറയുവേൻ ഞാൻ

ശബ്ദമറേറാരു ബോധാകാശേ
ബോധംമാത്രമതായിനില്ക്കുവേൻ

പാവമായ് പാവമായ്
പാവമായ് ഞാൻ
എന്നിട്ടും പാവമായ്
തീൎന്നില്ലേൻ ഞാൻ

ബ്രഹ്മമേ ബ്രഹ്മമേ
ബ്രഹ്മമേ ഞാൻ
ബ്രഹ്മമായ് തന്നെ
ഇരുന്നുകൊള്ളാം.

ഓം

ശാന്തി ശാന്തി ശാന്തി

ഓം
ശ്രീഗുരവേ നമഃ

അമ്മേസമാധിവിവരങ്ങൾ
അല്പാല്പം ഞാൻ പറഞ്ഞോട്ടേ
തെററൊന്നും വരുത്തല്ലേ,
ബൃഹത്താണേവിഷയമിതു്.
ചൊല്ലീട്ടുണ്ടു് ചിലതെല്ലാം
അതല്ലാത്തതുചൊല്ലുവേൻ
അന്യമെല്ലാം തകർത്തിട്ടു്
ഏകാകിയായി തീരുമ്പോൾ
ആകാശവടിവാന്നീടും
അതത്രേമഹാകാശവടിവു്,
അവൻ കാണും മഹാകാശം
നിർമ്മലഛവിപൂണ്ടതായ്,
അവനല്ലമഹാകാശം
അവനവിടെ സാക്ഷിയത്രേ
ഏകമായ്നിന്നൊരാകാശം
സാക്ഷിത്വം കൊണ്ടു വേധിച്ചേൻ,
അതങ്ങനെ കാണുമ്പോൾ
വൃത്തിഛവിതിളങ്ങീടും,
അതത്രേ അഖണ്ഡാകാരവൃത്തിമാൻ
അതുപോരാ അതുപോരാ
സാക്ഷിയെ പിടിയിലാക്കണം.
അവനത്രേ കാണുമവൻ
കാഴ്ചവസ്തുവവനല്ലല്ലോ
അവനേത്താൻകണ്ടെത്തേണം
അതിനത്രേ പണിതുലോം.

ഓം
ശ്രീ ഗുരവേ നമഃ

ശ്രുതി മധുര തരംഗേ
നീന്തിനീന്തി തുടിക്കും
സഹസ്രദളപത്മമേ!
ശ്രീധരപത്മമേ!

ആനന്ദദായക
മംഗള തരംഗേ
ബോധസ്രോതസ്സു
തായിശബ്ദഹീനം-
തുടിക്കും നാദാന്ത
വടിവേ! ബിന്ദുവേ
ത്യാഗത്തിലത്യുൽകൃഷ്ടം
ത്യാഗമെന്നറിയിച്ച്

നേതിനേതിയാൽ ത്യാഗം
കാട്ടിലസിക്കും പത്മമേ
സർവത്യാഗമല്ലാതെ
മററന്തേത്യാഗമത്

സർവത്യാഗിയവൻ
അവനായവശേഷിക്കും
അവൻ താനാത്മരാമൻ
അവനേ ആനന്ദസ്രോതസ്
ഹര ഹരാ! ജയ ജയാ!

ഓം. ഓം. ഓം.

## അഹം ആത്മാ ബ്രഹ്മം മായ ഇവകളുടെ അന്യോന്യബന്ധം

മായ അന്തവതി എന്നറയ്യാൻ പ്രയാസത്തെ ചെയ്തു കൊണ്ടാണ് ആ ശക്തി സുശക്തമായി നിലകൊള്ളുന്നതു്. സ്വച്ഛനിർമ്മലനീലമായ സൂര്യനെ ആവരണം ചെയ്തടച്ച് അന്യഥാ ആക്കി കാട്ടുകയാണ് അതിന്റേതായ പ്രകാശമെങ്കിലും, ചെയ്യുന്നതു്. ബ്രഹ്മത്തിൽ കണ്ടെത്തും ശക്തിയെന്നറിയപ്പെടും മായ ബ്രഹ്മത്തെ ആകമാനം മറച്ച് പ്രപഞ്ചരൂപമായി ജഗത്തായി ഭാസിച്ച് വേറേ ഏതോ ആക്കികാട്ടിയിരിക്കുകയാണ്. ഇവയെ എല്ലാം ഭേദിച്ച് ബ്രഹ്മം ബോധ്യപ്പെടുത്തി കാട്ടി നിലകൊള്ളേണ്ടതു് ആത്മ ചുമതലയായി മാറി തീർന്നിരിക്കുന്നു. അതിനാൽ ചില മഹത്തുക്കൾ ബ്രഹ്മത്തിനെന്തോ ചില പരിണാമം സംഭവിച്ചു പോയി എന്നും അവയെ കടക്ക സുസാദ്ധ്യമല്ലെന്നും കാട്ടി വിലപിച്ച് പരമാത്മാവിന്റെ സ്തുതിപാഠകരായി നിലകൊണ്ടു് പരമാത്മ സഹായേന കടന്നുകൂടുവാൻ ശ്രമിച്ചു വരുന്നു. എല്ലാവരും അതംഗീകരിക്കണമെന്നു് ശ്രീധരനഭിപ്രായമില്ല.

ഘോരഘോരമേ മായാന്ധകാരമതു്
ധീരധീരമേ ആത്മചൈതന്യമതും
നായമാത്മാബലഹീനേനലഭ്യ'
സർവോപാധിവിനിർമുക്തം
നിർവിശേഷചിന്മാത്രം സദ
ദ്വൈതം ആനന്ദംമമായം ബ്രഹ്മഃ

ഇതാണൊരു ബ്രഹ്മവിവരണം

നിരാലം: 'മഹദഹങ്കാരപൃഥിവ്യപ്തേജോവായുരാകാശാത്മകത്വേന ബൃഹദ്രൂപേണാണ്ഡകോശേന കർമ്മ

ജ്ഞാനാത്മരൂപതയാ ഭാസമാന മദ്വിതീയം അഖിലോപാധിവിനിർമ്മുക്തം തത്സകലശക്ത്യുപബൃംഹിത മനാദ്യന്തം നിർഗ്ഗുണം ഇത്യാദിവാച്യമനിർവാച്യം ചൈതന്യം ബ്രഹ്മഃ'

ഇതു് മറെറാരു തരത്തിൽ വിവരിച്ചിരിക്കയാണു്. ഈ വിവരണം മനസ്സിലാക്കുമ്പോൾ മായ ബ്രഹ്മത്തേയോ ആത്മവാനേയോ ഒന്നും ചെയ്യാനാവില്ലെന്നു് വ്യക്തമാകും. ഇനിയും മായ .എന്തെന്നു കാണാം. ചില ഉപനിഷത്തുകളിൽ അന്തവതി എന്നതു് വിസ്മരിച്ചു് അന്തർവത്തി എന്നു് വരുത്തിയിട്ടുണ്ടു്. ഇതുകൊണ്ടൊന്നും മായ അന്തവതി എന്നതിനെ മാറ്റിമറിക്കാനാവില്ലാ. 'അനാത്മമൂലം മായ സാചബ്രഹ്മണ്യാകാശേ മേഘാദിരിവദൃശ്യതേ മായാനാമ അനാദിരന്തവതീ പ്രമാണാ അപ്രമാണാ സാധാരണാ നസതീ നാസതീ ന സദസത്യനിർവാച്യാധിഷ്ഠാന ഏവാവിദ്യാമാനാന്തർവാണീ വികല്പനിരൂപ്യമാണോർച്ചാ വച വ്യവഹാരവതീയാന വിദ്യതെ വസ്തുഭേദതസ്സാ മായ തൽസ്വരൂപമജ്ഞാനം തദേവ മൂലപ്രകൃതിർഗ്ഗുണ സാമ്യമവിദ്യേത്യാദ്യനേകാകാരാ ജഗദാകാരേണ പരിണതാ. (സർവ്വസാ) ബ്രഹ്മത്തെപ്പററി കൂടുതൽ വിവരിക്കാതെതന്നെ താല്പര്യമെത്തുപെടും. എന്നാൽ വിവരിക്കതന്നെവേണം. അതു നമുക്കല്പം നോക്കാം.

മായ വിവരിക്കപ്പെടുമ്പോൾ മനസ്സും വിവരണവിധേയമാക്കണം. ഒരു ജീവനു് അഥവാ ജീവരാശിക്ക മോക്ഷത്തിലെത്തിച്ചേരുന്നതിനു് മനസ്സു നശിച്ചേപറൂ. പക്ഷേ ഇവിടം വരുമ്പോൾ പ്രയാസംകൊണ്ടോ സമ്മതമില്ലാഞ്ഞോ സാദ്ധ്യമല്ലെന്ന മിഥ്യാധാരണയാലോ

എങ്ങനെഎന്നറിയുന്നില പലരും ആ പ്രയത്നത്തിനു മുതിരാതെ വിടപറയുന്നുണ്ട്.

സർവസാര: 'നിത്യാനിത്യവസ്തുവിചാരാദനിത്യ സംസാര സുഖ ദുഃഖ വിഷയസമസ്ത ക്ഷേത്രമമതാദി സമസ്തബന്ധസങ്കല്പക്ഷയോമോക്ഷഃ'

മറെറാരു വിവരണംകൂടി കാട്ടട്ടേ

'അവിദ്യാ അസ്തമയോ മോക്ഷഃ'

ഇവിടെ രണ്ടിടത്തും മനസ്സിൻെറ ധ്വംസനം വകകൊള്ളിച്ചിട്ടുണ്ട്. അതുപോലെ വേറെ ഒന്നും കാട്ടിത്തരാം.

സ്കന്ദോപ: 'നനിജം നിജവൽ ഭാത്യം
അന്തഃക്കരണജൃംഭണാൽ
അന്തഃക്കരണനാശേന
സംവിൽമാത്രസ്ഥിതോഹരിഃ'

നിത്യമായി പ്രശോഭിച്ച നിലകൊള്ളേണ്ട ഹരിയായവൻ, അന്തഃക്കരണാവിർഭാവത്താൽ അതായതു് അന്തഃക്കരണപ്രകടീഭാവത്താൽ നിത്യമായി സത്യമായി ഭാസിക്കുന്നില്ല. അന്തഃക്കരണനാശേന ചൈതന്യസ്വരൂപനായ അതായതു് പ്രാണനത്തെ ജയിച്ച അതായതു് പ്രാണനം തനിക്കാവശ്യമില്ലാതാക്കി മാററിയിട്ട് ഹരിയായവനായി പ്രശോഭിക്കുന്നു.

ഇങ്ങനെല്ലാമിരിക്കേ ഭയവിഹ്വലനായി മന്ദിച്ചു നില്ക്കരുതു്. നായമാത്മാബലഹീനേനലഭ്യ 'ആകയാൽ എത്രമേൽ കഴഞ്ഞാലും വെടിയല്ലേ ധീരത' എന്ന വചനം വിട്ടുകളയരുതേ, മുന്നേറുക അല്പം രഹസ്യംകൂടി പറഞ്ഞുതരാം.

അഹം — ആത്മാ — ബ്രഹ്മം എന്നു മൂന്നുതരത്തിലറിയപ്പെടുന്ന ഒരു വസ്തുതത്വമുണ്ട് അതു് വസ്തുതത്വമെന്നു

പോലും പറക വയ്യാത്ത അഹം എന്ന പദം അതായതു് ഞാൻ എന്ന പദംകൊണ്ടെത്തിക്കുന്നതു് താൻ തന്നെ ആയ ഒന്നിലാണു്. ഇതു് താൻതന്നെ ആകയാൽ ആത്മാവെന്നു പറയപ്പെടുന്നു എന്നേ ഉള്ളു ഈ ആത്മാബൃഹത് ഭാവത്തിലറിയുമ്പോൾ ബ്രഹ്മമെന്നു പറയപ്പെടും ഇതല്ലാതെ മററൊരു വ്യവസ്ഥിതി തന്നെയോ താനാമാത്മാവിനേയോ ബാധിച്ചു നില്ക്കുന്നില്ല. മായയെ പററി പറഞ്ഞാൽ അതു് ആത്മവിധേയമായ ആത്മശക്തിമാത്രമാണു്. ആത്മാവിനെ താനായറിയണം. ബൃഹത്ഭാവത്തിൽ അറിയപ്പെടും ബ്രഹ്മം ആത്മഭാവത്തിൽ മായയേ വെടിയും. ആത്മാമായോപാധി ചൈതന്യമോ മായോപഹിത ചൈതന്യമോ അല്ലാ. ഞാനും അങ്ങനെ തന്നെ ബ്രഹ്മവുമങ്ങനെ തന്നെ. ഇതിനെ തെളിയിക്കാം.

അഹം മായോപഹിത ചൈതന്യമല്ല. മായമുഴവൻ വിട്ടു് ഉള്ളോട്ടുകേറി സർവബോധാമൃതരസം മാത്രമായാലേ ഞാനാവൂ, ഞാനെത്തുപെട്ടു. ആ അഹത്തിനാൽ സൂചിപ്പിക്കപ്പെടുന്ന ശുദ്ധചൈതന്യമാണാത്മാ, ബ്രഹ്മം മായോപാധിയോടോ മായോപഹിത ചൈതന്യത്തോടു കൂടിയോ നിന്നാൽ തനി ആത്മചൈതന്യമാകയില്ലാ. അഹം മായോപഹിത ചൈതന്യം പോലുമല്ലാ. പിന്നെയോ മായമുഴവൻ വെടിഞ്ഞു് ഉള്ളോട്ടുള്ളോട്ടു കേറി സർവബോധാമൃതരസംമാത്രമായാലേ ഞാനാകൂ. ആ അഹത്തിനാൽ സൂചിത ശുദ്ധചൈതന്യമത്രേ ആത്മാ, ബ്രഹ്മം മായോപാധിയോടേ നിന്നാൽ ആത്മചൈതന്യമാകയില്ലാ ആയപോലെ മായോപഹിത ചൈതന്യനിലയിലും നിന്നകന്നു് ബോധരസം തന്നെ താനായിനില്ക്കണം. ബോധരസത്തിൽ മായാകലർപ്പു പററുക സാദ്ധ്യമല്ലാ, ആകകൊണ്ടു് ദിവ്യരായ മനുഷ്യസമൂഹമേ നീ നിന്നെ അറിഞ്ഞുമുന്നേറുക. താനാകുമാത്മാ മായയററ ബ്രഹ്മമാണെന്നറിക മഹാമതേ.

ഓം